# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

നോമ്പ് ലക്കം 2013



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




**ദൈവദാസൻ**
**ബിഷപ് വില്യം ജകീന്താ**

## "ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"
(1 തെസ 4,3).

കാൽവരി യാത്രയിലുടനീളം അവൻ ആത്മാക്കൾക്കുവേണ്ടി വേദനിച്ചു. കുരിശിൽ മരിക്കുന്നതുവരേയും പീഡകൾ സഹിച്ചു. ആത്മാക്കളെ ഓർത്ത് വേദനിച്ചു. "എനിക്ക് ദാഹിക്കുന്നു" എന്ന വേദന നിറഞ്ഞ അപേക്ഷയിലൂടെ തന്റെ സ്നേഹത്തിന്റെ ഈ മഹാ ദാനം അവർ മറക്കരുത് എന്ന് അവിടുന്ന് അവരെ ഓർമ്മിപ്പിച്ചു. തന്റെ ഒരു രക്തതുള്ളികൊണ്ട് നമ്മെ രക്ഷിക്കാമായിരുന്നെങ്കിലും അതിനിന്ദ്യമായ കുരിശുമരണത്തിലൂടെ അവസാനത്തുള്ളി രക്തംവരെ അവൻ നമുക്കായി ചിന്തി. അവനെ സ്നേഹിക്കാൻ നാം നിർബന്ധിതരാകുന്നതിനുവേണ്ടി അവൻ അപ്രകാരം ചെയ്തു. അവൻ നമ്മെ ഇത്രത്തോളം സ്നേഹിച്ചുവെങ്കിൽ നമുക്ക് അവനെ എങ്ങനെ സ്നേഹിക്കാതിരിക്കാനാവും?

സ്നേഹം എന്നെ നിർബന്ധിക്കുന്നു
**ദൈവദാസൻ ബിഷപ് വില്യം ജകീന്താ**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 31 നോമ്പ് ലക്കം 2013


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ശിഷ്യത്വജീവിതം 03
- ഓ ഭാഗ്യപ്പെട്ട സഹനമേ... 06
- പരി. കുർബാന അർപ്പണരഹസ്യം 09
- വിശുദ്ധമീ കുടുംബം 12
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Miracles follow tales of sorrow 18
- നിങ്ങൾ ഉത്കണ്ഠാകുലരാകരുതേ... 19
- അരൂപിയോടുകൂടിയുള്ള സംഭാഷണം 20
- വാടാമലരുകൾ 22
- അഗ്നിപരീക്ഷണങ്ങളെ അനശ്വരസമ്പത്താക്കിയവൻ 24
- നാലു കണ്ണും രണ്ടും ഹൃദയവും 26
- ശ്വാസം ലഭിക്കാത്തവർ 28
- കുരിശുമരണംവരെ എത്തുന്ന ശൂന്യവത്ക്കരണം 29
- ദൈവത്തെ കാണാനില്ല... 30
- അമ്മയോടൊപ്പം വിശ്വാസവഴിയേ 32

## എഡിറ്റോറിയൽ

# ഒരു കല്ലേറുദൂരം

മനുഷ്യരക്ഷയ്ക്കായി പീഡകൾ സഹിച്ചുമരിച്ച ദൈവപുത്രന്റെ സ്മരണയുമായി ഒരു നോമ്പുകാലംകൂടി കടന്നുവന്നിരിക്കുന്നു. ജീവിതത്തിൽ ഒരു ഗത്സേമനി അനുഭവമോ പീഡാനുഭവത്തിന്റെ നിമിഷമോ മരണകരമായ വേദനയുടെ അനുഭവമോ ഉണ്ടാകാത്തവർ ചുരുക്കമായിരിക്കും. നിഷ്കളങ്കമായ സഹനത്തിനുമുമ്പിൽ ഉത്തരങ്ങൾ നിശബ്ദമാകുമ്പോൾ ഓർക്കേണ്ടത് സ്വന്തപുത്രനെ മരണത്തിനേല്പിച്ച പിതാവായ ദൈവത്തിന്റെ മുഖമാണ്.


മനുഷ്യരക്ഷയായിരുന്നല്ലോ ഈശോയുടെ ശൂന്യവൽക്കരണത്തിന്റെയും സഹനത്തിന്റെയും പിന്നിലുണ്ടായിരുന്നത്. സഹനങ്ങൾ നമ്മുടെയും മറ്റുള്ളവരുടെയും വിശുദ്ധീകരണമാർഗ്ഗമായിത്തീരണം; അനേകരുടെ രക്ഷയ്ക്ക് നിദാനമായിത്തീരണം.

അതുപോലെതന്നെ, നമുക്കുചുറ്റും 'ഒരു കല്ലേറുദൂരത്തായി' (ലൂക്കാ 22,41) വേദനയുടെ വിയർപ്പുകണങ്ങൾ പൊഴിക്കുന്ന സഹോദരങ്ങളുണ്ടാകും. അവർക്ക് ആശ്വാസത്തിന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയുടെ ശക്തിയും സ്നേഹത്തിന്റെ സ്പർശനവും കരുണയുടെ സാമീപ്യവും നല്കാൻ നമുക്കു കടമയുണ്ട്. അതോടൊപ്പം, പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുവാൻ, ഈശോയോടുകൂടി മരിച്ച് ഉത്ഥാനം ചെയ്യുന്ന പെസഹാനുഭവം സ്വായത്തമാക്കുവാൻ, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഉത്സുകരായി ഈ കാലഘട്ടത്തിൽ വർത്തിക്കാം. അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിവസങ്ങളായി നോമ്പുദിനങ്ങളെ കണ്ടുകൊണ്ട് ഉത്ഥാനത്തിനായുള്ള ഒരുക്കം ഏറ്റം സമ്പുഷ്ടമാക്കാം.

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത - 10

# ശിഷ്യത്വജീവിതം



ഡോ. മാത്യു വെള്ളാനിക്കൽ

ക്രിസ്തീയജീവിതം ശിഷ്യത്വജീവിതമാണ്. ഉത്ഥിതനായ മിശിഹാ തന്റെ ശിഷ്യരെ അയയ്ക്കുന്നത് എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക എന്ന ദൗത്യവുമായിട്ടാണ്: "അതുകൊണ്ട് നിങ്ങൾ പോയി സർവ്വജനപദങ്ങളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28,19). ക്രിസ്തീയജീവിതം ശിഷ്യത്വജീവിതമാണെങ്കിൽ സമർപ്പണജീവിതം ശിഷ്യത്വത്തിന്റെ പൂർണ്ണരൂപംതന്നെയാണ്. ഈ മിശിഹാശിഷ്യത്വജീവിതം എങ്ങനെയാണ് നയിക്കേണ്ടത് എന്ന് സെനക്കിൾ വ്യക്തമാക്കുന്നു.

**ശിഷ്യത്വജീവിതം ശ്രമകരം**

അന്ത്യത്താഴസന്ദർഭത്തിൽ ഈശോയും പത്രോസും തമ്മിലുള്ള സംഭാഷണം ഇങ്ങനെയാണ്: "ശെമയോൻ കേപ്പാ ചോദിച്ചു: കർത്താവേ, നീ എങ്ങോട്ടു പോകുന്നു? ഈശോ പറഞ്ഞു: ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കുവാൻ നിനക്കു സാദ്ധ്യമല്ല. എന്നാൽ പിന്നീടു നീ എന്നെ അനുഗമിക്കും" (യോഹ 13,36). ഇതിൽനിന്നു നമുക്കു മനസ്സിലാകുന്നത് ശിഷ്യത്വം സാദ്ധ്യമാണ് എന്നുതന്നെയാണ്. എന്നാൽ അതോടൊപ്പം അത് അത്ര എളുപ്പത്തിൽ സാധ്യമല്ല എന്നുകൂടി ഇവിടെ സൂചനയുണ്ട്. ഈശോയുടെ വാക്കുകൾക്ക് മറുപടിയായി പത്രോസ്ശ്ലീഹാ പറയുന്നു: "കർത്താവേ, എന്തുകൊണ്ട് എനിക്കു ഇപ്പോൾ നിന്നെ അനുഗമിച്ചുകൂടാ? ഞാൻ നിനക്കുവേണ്ടി എന്റെ ജീവൻ സമർപ്പിക്കും" (യോഹ 13,37). ഇതിനു പ്രത്യുത്തരിച്ചുകൊണ്ട് ഈശോ പറഞ്ഞു: "നീ എനിക്കുവേണ്ടി നിന്റെ ജീവൻ സമർപ്പിക്കുമോ? സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂവു

കയില്ല" (യോഹ 13,38). ഈ സംഭാഷണം വ്യക്തമാക്കുന്നത് ശിഷ്യത്വം സാദ്ധ്യമാണ് എന്നും, എന്നാൽ ഇത് തികച്ചും ശ്രമകരമാണെന്നുമാണ്.

**ശിഷ്യത്വത്തിന്റെ മുഖമുദ്ര**

'മിശിഹായെ അനുഗമിക്കുക' എന്നതാണ് ശിഷ്യത്വത്തിന്റെ മുഖമുദ്ര. ഈശോ തന്റെ ശിഷ്യരെയെല്ലാം വിളിക്കുന്നത് 'എന്നെ അനുഗമിക്കുക' എന്ന ആഹ്വാനത്തോടെയാണ് (മർക്കോ 1,16-20; 2,14). ശിഷ്യത്വം സ്വീകരിക്കുന്ന പ്രക്രിയയും ഈശോയെ അനുഗമിക്കുന്നതിലാണ് പ്രായോഗികമായിത്തീരുന്നത് (മർക്കോ 1,18.20; 2,14). ഈശോയെ അനുഗമിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? മറ്റെന്തിനേക്കാളും മറ്റാരേക്കാളുമുപരി ഈശോയെ സ്നേഹിക്കുക എന്നാണ് ഇതിന്റെ അർത്ഥം. ഉത്ഥാനശേഷം ശിമയോൻ പത്രോസിനോട് തന്നെ അനുഗമിക്കുവാൻ ആവശ്യപ്പെടുന്നതിനുമുമ്പ് ഈശോ ചോദിക്കുന്ന ചോദ്യം ഇത് സൂചിപ്പിക്കുന്നുണ്ട്: "ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (യോഹ 21,15). 'ഇവരെക്കാൾ' എന്ന് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്, 'ഇവയെക്കാൾ' എന്നുകൂടി വിവർത്തന സാദ്ധ്യതയുള്ള ഒരു ഗ്രീക്കുവാക്കാണ്. അതുകൊണ്ട് മനുഷ്യരെക്കാളും മാനുഷികമായ മറ്റ് ഏതു യാഥാർത്ഥ്യത്തെക്കാളുമുപരി ഈശോയെ സ്നേഹിക്കുകയും ഈശോയോട് പ്രതിബദ്ധത പുലർത്തുകയും ചെയ്യുക എന്നതാണ് ഈശോയെ അനുഗമിക്കുക എന്നതിന്റെ അർത്ഥം.



**ശിഷ്യത്വവും രക്തസാക്ഷിത്വവും**

ശിഷ്യത്വത്തിൽ ഈശോയെ അനുഗമിക്കുക എന്നതുകൊണ്ട് ഈശോയെപ്രതി രക്തസാക്ഷിത്വത്തിനുവരെ തയ്യാറായിരിക്കുക എന്നാണ് അർത്ഥമാക്കുന്നത്. ഈശോയും പത്രോസും തമ്മിൽ കൈമാറുന്ന വാക്കുകളിൽ ഈ സൂചനയുണ്ട്. "ഈശോയെ അനുഗമിക്കും" എന്നുപറഞ്ഞതിനോടൊപ്പം "ഈശോയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കും" എന്നും ശിമയോൻ പത്രോസ് പറഞ്ഞു (യോഹ 13,37). ഉത്ഥാനശേഷം "എന്നെ അനുഗമിക്കുക" എന്ന് ഈശോ

### ആരാധനക്രമവത്സരം

ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം. ▸▸

പത്രോസിനോടു പറഞ്ഞ വാക്കുകളും ഇതു തന്നെ സൂചിപ്പിക്കുന്നതായി യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: "ഇത് അവൻ പറഞ്ഞത്, ഏതു വിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്ത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്" (യോഹ 21,19). അതുകൊണ്ട് ശിഷ്യത്വത്തിലേക്കുള്ള വിളി അവശ്യം രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ്. ആദ്യനൂറ്റാണ്ടുകളിൽ ശിഷ്യത്വം ജീവിച്ച എല്ലാ ക്രൈസ്തവരുടെയും ജീവിതം ഇത് സാക്ഷ്യപ്പെടുത്തുന്നു.

**ശിഷ്യത്വവും സമർപ്പണജീവിതവും**

ആദ്യനൂറ്റാണ്ടുകളിൽ ശിഷ്യത്വം പ്രായോഗികമായി രക്തസാക്ഷിത്വത്തിലാണ് പ്രകാശിതമായത്. ആദ്യനൂറ്റാണ്ടുകളിൽ സഭയ്ക്ക് നേരിടേണ്ടിവന്ന മതപീഡനവും രക്തസാക്ഷിത്വവും അവസാനിച്ചപ്പോഴാണ് സഭയിൽ സന്ന്യസ്തജീവിതവും സമർപ്പണജീവിതവും ആരംഭിക്കുന്നത്. മിശിഹാശിഷ്യത്വമാണ് സമർപ്പണജീവിതത്തിന്റെ അടിസ്ഥാനം. സ്വന്തം ജീവനേക്കാളുപരി മിശിഹായെ സ്നേഹിക്കുകയും മിശിഹായ്ക്കുവേണ്ടി സ്വജീവനുൾപ്പെടെ എല്ലാം ത്യജിക്കുകയും ചെയ്യുന്ന ജീവിതമാണല്ലോ സമർപ്പണജീവിതം. സഭയിൽ രക്തസാക്ഷിത്വം ഇല്ലാതായ സാഹചര്യത്തിൽ, രക്തസാക്ഷിത്വത്തിന്റെ സ്ഥാനത്ത് രൂപംകൊണ്ട തീവ്രമായ ശിഷ്യത്വജീവിതമാണ് സമർപ്പണജീവിതം.


**വീഴ്ചകളിലൂടെ വളരുന്ന ജീവിതം**

ശിഷ്യത്വജീവിതം വീഴ്ചകളിലൂടെ വളരുന്ന ഒന്നാണ്. പത്രോസിന്റെ അനുഭവംതന്നെയാണ് ഇത് വ്യക്തമാക്കുന്നത്. "നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും" (യോഹ 13,37) എന്നുപറഞ്ഞ പത്രോസ്തന്നെയാണ് പീഡാനുഭവസന്ദർഭത്തിൽ ഈശോയെ തള്ളിപ്പറഞ്ഞത് (യോഹ 18,25-27). തന്റെ ജീവന് ഭീഷണിയുയർന്നപ്പോഴാണ് പത്രോസ് ഈശോയെ തള്ളിപ്പറഞ്ഞത്. ഈശോയ്ക്കുവേണ്ടി ജീവൻ ത്യജിക്കുവാൻ സന്നദ്ധതയുണ്ടാകുക എന്നത് ഒരു വളർച്ചയുടെ പ്രശ്നമാണ്. ഈ വളർച്ച ജീവിതത്തിലുണ്ടാകുന്നത് പലപ്പോഴും വീഴ്ചയിലൂടെയാണ്. പത്രോസ് ഈശോയെ നിഷേധിച്ചുപറഞ്ഞപ്പോൾ 'ഈശോ പത്രോസിനെ നോക്കി' എന്നും അതേത്തുടർന്ന് 'പത്രോസ് പുറത്തുപോയി മനംനൊന്തു കരഞ്ഞു' എന്നും ലൂക്കാസുവിശേഷകൻ എടുത്തുപറയുന്നു (ലൂക്കാ 22,61-62). ശിഷ്യത്വത്തിന്റെ ആദ്യപടികൾ ചവിട്ടിക്കയറുമ്പോൾ വീഴ്ചകളുണ്ടാകും. എന്നാൽ വീഴ്ചകൾ നമ്മെ തളർത്തരുത്. അവ നമുക്ക് ശിഷ്യത്വത്തിലേക്കുള്ള വളർച്ചയുടെ ചവിട്ടുപടികളായിത്തീരണം.



പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

സ്വർഗ്ഗത്തിലേക്കുയരാൻ ഈറ്റുനോവെടുത്ത, സുന്ദരക്കുട്ടന്റെ ഉൾത്തുടിപ്പുകൾ നെഞ്ചിലേറ്റിയ സുന്ദരിക്കുട്ടിയെ ഇത്തിരി അറിയാൻ സാധിക്കുകയെന്നത് അനുഗ്രഹമാണ്. അവൾ കാൻസറിന്റെ പിടിയിലമരുമ്പോൾ വയസ്സ് 16, പ്ലസ് വണ്ണിന്റെ ഓണപരീക്ഷയ്ക്കായി പഠിക്കുന്ന സമയം. വേദനയും നീരും കണ്ണിന്റെ കാഴ്ചക്കുറവുമാണ് രോഗനിർണ്ണയത്തിന് നിദാനമായ കാര്യങ്ങൾ. ജീവിതത്തിലെ ഒരു സ്വപ്നം പോലും ഫലമണിയാത്ത പ്രായം.. എങ്കിലും നിരാശപ്പെടാതെ ക്രമേണ തന്റെ ജീവിതത്തെ പ്രാണനാഥന്റെ ജീവിതത്തോട് ചേർത്തുവച്ച് ദിവ്യാനുഭൂതി സ്വന്തമാക്കുവാൻ അവൾ പഠിച്ചു. ഞരമ്പിലൂടെ അരിച്ചിറങ്ങുന്ന വേദനയുടെ, നൊമ്പരത്തിന്റെ കനൽക്കാറ്റുകളിൽ, ജീവിതത്തിലെ ഉറക്കമില്ലാത്ത ഇരുണ്ടരാത്രികളിൽ തെല്ലും തളരാതെ, യാതനകളുടെ മൂർദ്ധന്യത്തിലും ആദ്ധ്യാത്മിക ഉപദേശ



# ഓ ഭാഗ്യപ്പെട്ട സഹനമേ, മരണമേ എന്നെ പുൽകുക....

മങ്ങാടൻ

ങ്ങൾക്കനുസരിച്ച് അവൾ തന്റെ ജീവിതത്തെ ചിട്ടയുള്ളതാക്കി.

ഈ ഭൂമിയിലെ ജീവിതം ഒരു തീർത്ഥാടനമാണെന്നും നിത്യമായ ഗേഹം ത്രിയേക ദൈവത്തിലുള്ള ജീവിതമാണെന്നും ഭൂമിയെ കാട്ടിക്കൊടുത്ത ഒരു പനിനീർപ്പൂവ്. അതുകൊണ്ടാവണം ഈശോയെപ്പോലെ അവൾക്കും പറയാനായത് "എനിക്ക് ഈശോയുടെ അടുക്കലേക്ക് പോകാൻ സമയമായി" (2-9-2009 സുഹൃത്തായ നിമിലിന് അവസാനമായി എഴുതിയ എഴുത്തിലെ വരികൾ) എന്ന്. സുന്ദരക്കുട്ടനുമായുള്ള ഒത്തുകല്യാണം ഈ ഭൂമിയിൽ നടത്തണമെന്നും മരണമെന്ന ധന്യമുഹൂർത്തത്തിലാണ് വിവാഹമെന്നും സധൈര്യം പ്രഘോഷിക്കുവാൻ അവൾക്കായത് മാനുഷിക പ്രചോദനങ്ങളാലല്ല, ദൈവികമായ ഇഴുകിച്ചേരലാൽതന്നെയാണ്. 'ഈശോയുടെ സുന്ദരിക്കുട്ടി' എന്ന് തന്നെത്തന്നെ വിശേഷിപ്പിച്ച്, ഈശോയെ തന്റെ 'സുന്ദരക്കുട്ടൻ' എന്ന് വിളിച്ച തെക്കേമല സ്വദേശി 'സ്മിത'. അവളെ ഓർമ്മയിൽനിന്നും മായ്ക്കുവാൻ ഒരുനോക്കു കണ്ടവർക്കാർക്കും സാധ്യമല്ല. കാരണം അവൾ അത്രമാത്രം ഈശോയിൽ ഒന്നായിരുന്നു. "നാളെ (3-9-2009) ഞാൻ പള്ളിയിൽ പോകും. എനിക്കുവേണ്ടി പ്രത്യേകം വി.കുർബാന ഉണ്ട്. ഒരുപക്ഷേ ഈ ഭൂമിയിൽ വച്ച് ബന്ധുക്കളോടും കൂട്ടുകാരോടുമൊത്ത് വി.കുർബാനയർപ്പിച്ച് ഈശോയിൽ ഐക്യപ്പെടാൻ കിട്ടുന്ന അവസാന സാധ്യത ആയിരിക്കും. വിശുദ്ധിയുടെ പ്രതീകമായ വെള്ള വസ്ത്രമണിഞ്ഞ്, ഈശോയുടെ മണവാട്ടിയെപ്പോലെ അണിഞ്ഞൊരുങ്ങിയാണ് ഞാൻ നാളെ പള്ളിയിൽ പോകുന്നത്" (നിമിലിന് എഴുതിയ കത്തിൽ നിന്നും). 'സുന്ദരക്കുട്ടനുമായുള്ള ഒത്തുകല്യാണം' എന്നാണ് ഈ വി. കുർബാനയെ അവൾ വിശേഷിപ്പിച്ചിരുന്നത്. മരണത്തെ വിവാഹമായും. "മരണത്തിലൂടെ എന്റെ പ്രിയപ്പെട്ട ഈശോയോട് നിത്യകാലത്തേക്ക് ഒന്നായിച്ചേരുന്ന നിമിഷത്തെ ഞാൻ സന്തോഷത്തോടെ, പ്രതീക്ഷയോടെ കാത്തിരിക്കുന്നു (തന്റെ മരണശേഷം വായിക്കുന്നതിനായി എഴുതിയ നന്ദിപ്രകാശനത്തിലെ വരികളാണിവ). പിന്നീടുള്ള ദിവസങ്ങൾ അവൾ ഹൃദയാനന്ദത്തിലായിരുന്നു. കുരിശിൽ "എല്ലാം പൂർത്തിയായി" എന്നു പറഞ്ഞ് തലചായ്ച്ച ക്രൂശിതന്റെ അതേ ആത്മീയാനന്ദം. കാരണം സങ്കീ 23:4 അവൾക്ക് ഉറപ്പു നൽകുന്നു "മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" ഒക്ടോബർ 7, 2009 ന് അവൾ നിത്യമായി ഈശോയിൽ ഒന്നായി.






മനുഷ്യകുലം മുഴുവനും ഇഹലോകം വിട്ട് പിതാവിന്റെ പക്കലേക്ക് മടക്കയാത്ര നടത്തേണ്ടവരാണ് എന്നത് പച്ചയായ സത്യം. എന്നാൽ എത്രമാത്രം മുന്നൊരുക്കങ്ങൾ നിന്നിൽ നടക്കുന്നു എന്നത് ചിന്തയ്ക്ക് വിഷയമാക്കുക. നോമ്പുകാലം ഈശോയുടെ പീഡാസഹന മരണത്തിലുള്ള ഉൾച്ചേരലാണ്. ഓരോ നോമ്പുകാലവും മരണംവഴി അവനിലുള്ള ഉൾച്ചേരലിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നു. ഇത്തരുണത്തിൽ മർക്കോസിന്റെ സുവിശേഷം 14,15 അദ്ധ്യായങ്ങൾ വായനയ്ക്കും മനനത്തിനും കാരണമാക്കുക നല്ലതാണ്.

ഒരു കുഞ്ഞ് ഭൂമിയിൽ പറവിയെടുക്കുമ്പോൾ അവനെക്കുറിച്ചുള്ള തമ്പുരാന്റെ പദ്ധതി, ഭൂമിയിൽ ലഭിക്കുന്ന കാലയളവ് മുഴുവൻ ദൈവഹിതം നിറവേറ്റി, മറ്റൊരു മിശിഹായായി ജീവിക്കുക എന്നതാണ്. തിരികെ വിളിക്കുമ്പോൾ സന്തോഷപൂർവ്വം, ദൗത്യം പൂർത്തിയാക്കിയ സംതൃപ്തിയോടെ ദൈവൈക്യത്തിലേക്ക് മടങ്ങുക. ഈശോയുടെ ജീവിതവും അതുതന്നെയാണ് വരച്ചുകാട്ടുക. അവന്റെ ചുവടുകൾക്കു പിന്നിൽ കാലുറപ്പിച്ചവരാണല്ലോ വിശുദ്ധർ. രക്തസാക്ഷിത്വത്തിലൂടെയും അനുദിന ജീവിതത്തിലെ രക്തസാക്ഷിത്വത്തിലൂടെയും... നിന്റെയും വിളി ഇതിൽനിന്നും വിഭിന്നമല്ല.

ഇന്നിന്റെ ലോകത്ത് സഹനത്തിന്റെ മാറാപ്പ് താഴെവച്ച് ഓടി രക്ഷപ്പെടുവാൻ തുനിയുന്നവരുടെ മുമ്പിൽ.... ഭൗമികമായ ആകുലതയുടെ നീർച്ചുഴിയിൽപ്പെട്ടുഴലുന്നവർക്ക്.... രോഗവിമുക്തി ആഗ്രഹിച്ച് നിലവിളിക്കുന്നവർക്ക്.... "ഈശോയേ.... നിനക്കിന്നെന്നോടു കെറുവാണോ? എന്തേ നീയെനിക്കിന്ന് സഹനങ്ങൾ തന്നില്ല" എന്ന് പരാതി പറയുന്ന അൽഫോൻസാമ്മയും 'ഈശോ തന്റെ നോഞ്ചോട് ചേർത്തു പിടിക്കുമ്പോൾ നമുക്കനുഭവപ്പെടുന്ന ചൂടാണ് സഹനം', 'എന്റെ മണവാളന് ഇഷ്ടപ്പെട്ടത് കുരിശാണ്, അവനിഷ്ടമുള്ളവർക്ക് അതിന്റെ വീതം കൊടുക്കുന്നു. അതാണ്. അതാണ് സഹനം' എന്നു പറയുന്ന സ്മിതയും രോഗ, സഹന, മരണത്തെ അവന്റെ സ്നേഹത്തിന്റെ കടന്നുവരവായി കണ്ട് നെഞ്ചിലേറ്റുന്ന വിശുദ്ധ ജീവിതങ്ങളായി നിലകൊള്ളുന്നു.

## നോമ്പുകാലം

ഈശോയുടെ ഉയിർപ്പിനോടനുബന്ധിച്ച് ആചരിച്ചുവരുന്നതാണ് വലിയനോമ്പ്. അമ്പത് ദിവസങ്ങളിൽ ആചരിച്ചുവരുന്നതിനാൽ 'അമ്പതു നോമ്പ്' എന്ന പേരിലാണ് ഈ നോമ്പ് മലബാർസഭയിൽ അറിയപ്പെടുന്നത്. ഉപവാസത്തിനും അനുതാപത്തിനുമാണ് ഈ കാലത്തെ പ്രാർത്ഥനകളിൽ പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഉത്ഥിതനായ മിശിഹായുടെ പുതുജീവനിൽ പങ്കുചേരുന്നതിന് ഉപവാസത്തിലൂടെയും പശ്ചാത്താപത്തിലൂടെയും തെറ്റുകൾക്ക് പരിഹാരം ചെയ്തു ജീവിതവിശുദ്ധി പ്രാപിക്കേണ്ടത് ആവശ്യമാണ്. ⏩

ഈ നോമ്പുകാലം ജീവിതത്തിൽ നേരിടേണ്ടിവരുന്ന എല്ലാ ശാരീരിക മാനസിക ആത്മീയ പീഡകളെയും സഹനങ്ങളെയും മരണതുല്യമായ വേദനകളെയും ഇരുകരം നീട്ടി നെഞ്ചിലേറ്റുവാൻ നിനക്ക് കൃപ നൽകട്ടെ! നിനക്കായി പീഡകളേറ്റവൻ, നിനക്കായി ക്രൂശിൽ മരിച്ചവൻ, നിനക്കായി ഉത്ഥിതനായവൻ നിനക്ക് കരുത്തു നൽകട്ടെ, ആമ്മേൻ.

> "മരണം അത് ഈശോയുടെ സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് കടക്കുന്ന നിമിഷമാണ്. വേദന, സഹനം ഇവയെനിക്ക് ശാപമല്ല. എന്നെ എന്റെ ദൈവം സ്നേഹിക്കുന്ന നിമിഷങ്ങളാണ്" (ഒക്ടോബർ 6, 2009).




കൗദാശിക ആദ്ധ്യാത്മികത

# പരിശുദ്ധ കുർബാന : അർപ്പണരഹസ്യം



**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**കാഞ്ഞിരപ്പള്ളി**

അർപ്പിക്കുക, അടുപ്പിക്കുക എന്നിങ്ങനെ അർത്ഥമുള്ള 'ക്റെവ്' അല്ലെങ്കിൽ 'കറ്വ്' എന്ന സുറിയാനി പദത്തിൽനിന്നാണ് 'കുർബാന' എന്ന പദം ഉത്ഭവിച്ചത്. ബലിയർപ്പണം, കാഴ്ചയർപ്പിക്കൽ, ബലി, ദാനം എന്നീ അർത്ഥങ്ങളും ഈ പദത്തിന് കൈവന്നു.

**1. പിതാവിന്റെ അർപ്പണം**

ദൈവത്തിന്റെ അർപ്പണഫലമാണ് മനുഷ്യജീവൻ. തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ജീവശ്വാസം മനുഷ്യന് നല്കിക്കൊണ്ടാണ് എന്ന് ഉൽപത്തി (1:26, 2:7) പുസ്തകത്തിൽ നാം വായിക്കുന്നു. ദൈവനിഷേധത്തോടെ ലോകബന്ധിയായി തീർന്ന മനുഷ്യകുലരക്ഷയ്ക്കായുള്ള ദൈവപിതാവിന്റെ സമർപ്പണപൂർത്തീകരണമാണ് പരിശുദ്ധ കുർബാന.

കുർബാനയിൽ പിതാവ് പുത്രനെ മനുഷ്യരക്ഷയ്ക്കായി സമർപ്പിക്കുകയാണ്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). പുത്രന്റെ ജീവിതവും പ്രവൃത്തികളും പിതാവിന്റെ ഹിതമായിരുന്നു എന്ന് ഈശോതന്നെ പ്രഘോഷിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകുന്നു: "അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി" (യോഹ 17:4). ആകയാൽ പുത്രൻ പിതാവിനോട് അപേക്ഷിക്കുന്നു: "പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടൊപ്പമുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ എന്നെ മഹത്ത്വപ്പെടുത്തേണമേ" (യോഹ 17:5). പിതാവ് ഈശോയെ മഹത്ത്വീകരിച്ചത് അവിടുത്തെ കുരിശിലെ സമർപ്പണത്തിലൂടെയാണ് (യോഹ 12:27-32). ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഇത് നമ്മെ പഠിപ്പിക്കുന്നു, "മരണംവരെ അതേ കുരിശുമരണംവരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം




ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു'' (2:7-8). പിതാവ് പുത്രനെ തന്റെ ജനത്തിനായി സമർപ്പിച്ചതിന്റെ പരിപൂർത്തിയാണ് വി. കുർബാനയിൽ ആഘോഷിക്കുന്നത്.

ചുരുക്കത്തിൽ പരിശുദ്ധ കുർബാന മനുഷ്യർക്കുവേണ്ടി ലോകത്തിന്റെ അൾത്താരയിൽ പിതാവ് തന്റെ പുത്രനെ സമർപ്പിക്കുന്ന ദിവ്യരഹസ്യമാണ്. ഇതാണ് ലോകത്തിന് ലഭിച്ചിരിക്കുന്ന ഏറ്റം വലിയ ദാനവും അത്ഭുതവും.


**2. പുത്രന്റെ സമർപ്പണം**

പിതാവ് പുത്രനെ ലോകത്തിനായി സമർപ്പിച്ചു. പുത്രനാകട്ടെ തന്നെത്തന്നെ മനുഷ്യകുലത്തിനുവേണ്ടി പിതാവിന്റെ സന്നിധിയിൽ സമർപ്പിച്ചു. പാപപങ്കിലമായ ലോകം സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി പുത്രൻ തന്നെത്തന്നെ വിശുദ്ധീകരിച്ച രക്ഷയുടെ രഹസ്യമാണ് പരിശുദ്ധ കുർബാന (യോഹ 17:19). മനുഷ്യകുലത്തിന്റെ അനുസരണക്കേടിനു പരിഹാരമായി പുത്രൻ മരണത്തോളം അനുസരണയുള്ളവനായി തീർന്നതിന്റെ ആഘോഷമാണ് പരിശുദ്ധ കുർബാന. ''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' (ലൂക്കാ 23:46) എന്ന ഈശോയുടെ കുരിശുമരണത്തിനു മുമ്പുള്ള വാക്കുകൾ തന്റെ സമർപ്പണത്തെ വ്യക്തമാക്കുന്നു. പുത്രൻ സ്വമനസ്സാ അർപ്പിക്കുന്നതിനാൽ പിതാവ് പുത്രനെ സ്നേഹിക്കുന്നു. ''ഞാൻ അതു സ്വമനസ്സോടെ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കുവാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കല്പന എന്റെ പിതാവിൽ നിന്നാണ് എനിക്കു ലഭിച്ചത്'' (യോഹ 10:18). ദൈവജനമായ ആടുകൾക്ക് ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമായി ഇടയനായ ഈശോ സ്വജീവനെ സമർപ്പിച്ചതാണ് പരിശുദ്ധകുർബാനയിൽ ഇന്നും തുടരുന്നത്. കാരണം അത് എന്നേക്കുമായുള്ള ഏക സമർപ്പണമാണ് (ഹെബ്രാ 10:10). ഈ സമർപ്പണത്തിന് രണ്ട് മാനങ്ങൾ ഉണ്ട് (1) മനുഷ്യകുലത്തിനായി പിതാവിന്റെ പക്കലുള്ള പുത്രന്റെ സമർപ്പണം (2) മനുഷ്യകുലത്തിനായി പുത്രൻ മനുഷ്യകരങ്ങളിലേക്ക് നടത്തുന്ന സമർപ്പണം. പരിശുദ്ധ കുർബാന ദൈവതിരുമുമ്പിലുള്ള സമർപ്പണം എന്നതുപോലെ മനുഷ്യനുവേണ്ടിയും സ്വയം നല്കുന്ന പുത്രന്റെ സമർപ്പണമാണ്. മുറിച്ചു ഭക്ഷിക്കുവാനും വാങ്ങി കുടിക്കുവാനുമായി പുത്രൻ മനുഷ്യകരങ്ങളിലേക്ക് മാനുഷികമായ സാദൃശ്യങ്ങളിൽ സ്വയം നല്കുന്നു. ലോകത്ത് മറ്റൊരു ബലിയിലും കാണാനാവാത്ത ഒരു സമർപ്പണമാണിവിടെ നാം അനുഭവിക്കുക. ദൈവപ്രീതിക്കും മനുഷ്യവിശുദ്ധീകരണത്തിനുമായി മനുഷ്യൻ ദൈവതിരുമുമ്പിൽ ബലികളും കാഴ്ചകളും സമർപ്പിക്കുമ്പോൾ ഇവിടെ മനുഷ്യരക്ഷയ്ക്കായി ദൈവംതന്നെ സ്വയം ബലിയായിത്തീരുന്നു.

**3. സഭയുടെ സമർപ്പണം**

തന്റെ ജീവിതബലിയുടെ സംഗ്രഹമായ പരിശുദ്ധ കുർബാന ഈശോ സ്ഥാപിച്ചത് വേർപാടിന്റെയും അന്ത്യഭോജനത്തിന്റെയും പശ്ചാത്തലത്തിലാണ്. തന്റെ മഹത്ത്വീകരണശേഷവും രക്ഷാബലിയുടെ ഫലം ലോകാവസാനംവരെയുള്ളവർക്ക് പ്രാപ്യമാക്കണമെന്നും അവിടുന്ന് ആഗ്രഹിച്ചു. കാരണം ലോകരക്ഷയ്ക്കായി മറ്റൊരു ബലിയോ, പാപമോചനമാർഗ്ഗമോ ഉണ്ടാകാറില്ല. ഭൗതികനായ മനുഷ്യന് ദൈവികമായ സമർപ്പണത്തിൽ തന്റേതായ ഭൗതികമാധ്യമങ്ങളില്ലാതെ പങ്കാളിയാവാൻ സാധ്യമല്ല. ആകയാൽ ഈശോ തന്റെ ബലിയെ പെസഹാചരണത്തിന്റെ മുറിക്കപ്പെടുന്ന അപ്പത്തിന്റെയും പങ്കുവയ്ക്കപ്പെടുന്ന വീഞ്ഞിന്റെയും സാദൃശ്യങ്ങൾ ശിഷ്യസമൂഹത്തിന് നല്കി. ഇത് 'ചെയ്യുവാനുള്ള' ഒരു പ്രവൃത്തിയായിട്ടാണ് ശിഷ്യരെ ഭരമേല്പിച്ചത്. പരി. കുർബാന കാഴ്ചവസ്തുക്കളായ ഭൗതിക യാഥാർത്ഥ്യങ്ങളെന്നതിനെക്കാൾ ശിഷ്യസമൂഹം ഒന്നുചേർന്ന് മിശിഹായുടെ അനുസ്മരണത്തിൽ ചെയ്യേണ്ട ഒരു പ്രവൃത്തിയാണ്. ഈശോ ഈ പ്രവൃത്തി ആദിസഭാസമൂഹവും സഭയുടെ അടിസ്ഥാനവുമായ ശിഷ്യരെ ഭരമേല്പിച്ചു. ''നിങ്ങൾ ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ''.

സഭയാകട്ടെ തന്റെ ഗുരുവും നാഥനുമായവനിൽനിന്നു ലഭിച്ച ഈ പ്രവൃത്തി അഭംഗുരം ഇന്നും തുടരുന്നു. ഇത് സഭയ്ക്കായുള്ള ഈശോയുടെ സമർപ്പണം എന്നപോലെ സഭയുടെ ദൈവതിരുമുമ്പിലുള്ള സമർപ്പണവുമാണ്. ശിഷ്യർ ഒരുക്കിവച്ച ഭൗതിക യാഥാർത്ഥ്യങ്ങളും ശിഷ്യന്മാരുടെ സാന്നിദ്ധ്യവും കുർബാന സ്ഥാപനത്തിന് ആവശ്യമായിരുന്നു. ഇവിടെ ശിഷ്യർ തങ്ങളെത്തന്നെയും തങ്ങളുടെ കരവേലയും ഈശോയുടെ മുമ്പിലർപ്പിക്കുകയായിരുന്നു. എമ്മാവൂസിലേക്ക് പോയ ശിഷ്യർ തങ്ങളുടെ കൈകളിൽ കരുതിയിരുന്ന അപ്പം




ഈശോയുടെ മുമ്പിലർപ്പിച്ചപ്പോൾ അത് അവിടുന്ന് ദൈവാനുഭവത്തിന്റെ അർപ്പണമാക്കി. ഇതുപോലെ ഇന്നും പരിശുദ്ധ കുർബാന ആരാധനാസമൂഹത്തിന്റെയും അഥവാ സഭയുടെയും സമർപ്പണങ്ങളാണ്. പരിശുദ്ധ മറിയത്തിന്റെ സമർപ്പണത്തിന്റെ ഫലമായാണ് ഈശോ മറിയത്തിൽനിന്നും സ്വയം അർപ്പിക്കാനുള്ള മനുഷ്യത്വം സ്വീകരിച്ചത്. ഇന്ന് സഭാസമൂഹമെന്ന തന്റെ മൗതികശരീരത്തിൽ സഭയർപ്പിക്കുന്ന ഭൗതികവസ്തുക്കളും അടയാളങ്ങളും ആചരണങ്ങളും കുർബാനയെന്ന അവിടുത്തെ അർപ്പണത്തെ യാഥാർത്ഥ്യമാക്കുന്നു. സഭാസമൂഹത്തിന്റെ സമർപ്പണമാണ് പരിശുദ്ധ കുർബാന.

അക്ഷരാർത്ഥത്തിൽ, ഭൗതിക വസ്തുക്കളും ആരാധനാസമൂഹത്തിന്റെ സാന്നിദ്ധ്യവും അവരുടെ അധരങ്ങളുടെ കാണിക്കയും ഹൃദയത്തിന്റെ വിചാരങ്ങളും മനസ്സിന്റെ ഭാവങ്ങളും ശരീരത്തിന്റെ ചലനങ്ങളുമെല്ലാം ചേരുമ്പോഴാണ് കുർബാന യാഥാർത്ഥ്യമാകുന്നത്.

**4. വ്യക്തികളുടെ സമർപ്പണം**

കുർബാന സഭാഗാത്രത്തിന്റെ സമർപ്പണമെന്നപോലെ ഓരോ വ്യക്തിയുടെയും സമർപ്പണമാണ്. ഈശോയുടെ സമർപ്പണത്തിന്റെ പരിപൂർത്തിയായ കാൽവരിസംഭവത്തിൽ നമുക്കിതു ദർശിക്കാനാവും. അവിടെ നിന്നിരുന്ന വ്യക്തികളെല്ലാം (ഒറ്റുകാരും, ക്രൂശിക്കാനെത്തിയ പടയാളികളും, ആക്ഷേപിക്കാൻ എത്തിയവരും, വെറും കാഴ്ചക്കാരും, മറിയവും യോഹന്നാനുമെല്ലാം) അതിൽ പങ്കാളികളാണ്. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും പ്രീതികരവും സജീവവുമായ ബലിയായി അർപ്പിക്കുവിൻ" (റോമ 12:1) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ സ്തുത്യർഹമാണ്. വ്യക്തികളുടെ അർപ്പണമനുസരിച്ചാണ് അവനിൽ ദൈവത്തിന്റെ സമർപ്പണം ഫലദായകമായിത്തീരുന്നത്. കുരിശിൻ ചുവട്ടിലെ ജനത്തിന്റെ വ്യത്യസ്ത അനുഭവങ്ങൾ അതാണ് വ്യക്തമാക്കുക. ആകയാൽ പരിശുദ്ധ കുർബാനയിൽ വ്യക്തിപരമായി അർപ്പിക്കുവാൻ ആകുമ്പോഴാണ് അത് നമ്മുടെ വ്യക്തിപരമായ ബലിയായി മാറുക.

**5. പ്രപഞ്ചത്തിന്റെ സമർപ്പണം**


ദൈവത്തിന്റെ വാക്കുകൾ നിഷേധിച്ച് പാപം ചെയ്തപ്പോൾ പ്രപഞ്ചം മനുഷ്യന് എതിരായിതീരുന്നതായി നാം തിരുവചനത്തിൽ കാണുന്നു. എന്നാൽ ദൈവമായ കർത്താവിന്റെ വാക്കുകേട്ട് കല്പനകൾ പാലിക്കുമെങ്കിൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് നിയമാവർത്തനം 28:1-6 വിവരിക്കുന്നു. അവിടെ പ്രപഞ്ചവും പ്രപഞ്ചവസ്തുക്കളും മനുഷ്യന് അനുഗ്രഹമായിത്തീരുന്നു. ഇതെല്ലാം ദൈവത്തിന്റെ ബലിയുടെ ഫലമാണെന്നും നാമറിയുന്നു: "കാലത്തിന്റെ പൂർണ്ണതയിൽ മിശിഹായിൽ നമുക്കു പാപമോചനവും രക്ഷയും കൈവരുകയും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും അവിടുന്നിൽ ഒന്നിപ്പിക്കുകയും ചെയ്തിരിക്കുന്നു" (എഫേ. 1:3-11). മനുഷ്യപാപഫലമായി ഭൂമി അവന് ശപിക്കപ്പെട്ടതായെങ്കിൽ ഇവിടെ കർത്താവിന്റെ അർപ്പണത്തിൽ ഭൂമിയുടെ ഫലങ്ങളായ അപ്പവും വീഞ്ഞും ജലവുമെല്ലാം രക്ഷയുടെ രഹസ്യങ്ങളായി തീരുന്നു. ഈശോയുടെ ബലി ഇന്ന് യാഥാർത്ഥ്യമാകുവാൻ പ്രപഞ്ചവസ്തുക്കളുടെ സമർപ്പണവും ആവശ്യമാണ്.

ചുരുക്കത്തിൽ പരിശുദ്ധ കുർബാന ഏതാനും വ്യക്തികളുടെയോ വസ്തുക്കളുടെയോ കാഴ്ചയർപ്പണമല്ല. ഇത് ഈ പ്രപഞ്ചത്തിന്റെയും അതിലെ നിവാസികളുടെയും ദൈവതിരുമുമ്പിലുള്ള സമർപ്പണമാണ്. ഇതു സാധ്യമാക്കുന്നത് ദൈവപിതാവ് തന്റെ പുത്രനിലൂടെ നടത്തുന്ന മനുഷ്യരക്ഷയ്ക്കായുള്ള സമർപ്പണത്തിന്റെ ഫലമായാണ്. ഈ രണ്ടു മാനങ്ങളും ഒന്നുചേരുന്ന പരിശുദ്ധ കുർബാന ദൈവമനുഷ്യസമാഗമവേദിയാണ്; സ്വർഗ്ഗ-ഭൂമി സംഗമം. എല്ലാം ദൈവത്തിൽ ഒന്നായിത്തീരുന്ന സംഭവം.

### നോമ്പുകാലം

നമ്മിൽനിന്നും മരണംമൂലം വേർപെട്ടുപോയവരെയും നമ്മുടെതന്നെ മരണത്തെയും പറ്റി ഓർക്കുവാനുള്ള കാലഘട്ടംകൂടിയാണ് നോമ്പുകാലം. സമ്പന്നതയും പദവികളും മരണത്തോടെ തകരുമെന്നും പശ്ചാത്തപിക്കുന്നവനു മാത്രമേ നിത്യസൗഭാഗ്യം ലഭിക്കുകയുള്ളു എന്നും നോമ്പുകാലത്തിലെ പ്രാർത്ഥനകൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നശിച്ചാൽ എന്തു ഫലം?" (മത്താ 16,26) എന്ന ഈശോയുടെ വാക്കുകൾ സ്വർഗ്ഗരാജ്യത്തെ ലക്ഷ്യം വച്ച് ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കണം.

വിശുദ്ധരോടൊപ്പം



# വിശുദ്ധമീ കുടുംബം

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

എന്റെ പ്രിയ ഷിജിമോൾക്കും ജോലിച്ചനും വിവാഹവാർഷികത്തിന്റെ ആശംസകളുമായി ചേച്ചിയും ഓടിയെത്തുന്നു.

അതുലും ലഖിനയും സുഖമായിരിക്കുന്നല്ലോ... എന്റെ മോളേ, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനിരുന്നപ്പോഴൊക്കെ, തകർന്നുതരിപ്പണമായ ഒരു കുടുംബത്തിലെ മകൻ ഇഞ്ചിഞ്ചായി കൊന്ന പിഞ്ചുകുഞ്ഞുങ്ങളുടെ ധീനരോധനമാ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നത്. ഒരിക്കലും കണ്ടിട്ടില്ലെങ്കിലും ചേതനയറ്റ് ചിതറിത്തെറിച്ച അവരുടെ പിഞ്ചുശരീരങ്ങളാ കൺമുൻപിലെപ്പോഴും... 2012 ഡിസംബർ 15 ന്റെ പത്രം ചോരയിൽ മുങ്ങിക്കുളിച്ചാണ് കൈകളിലെത്തിയത്. അല്ല, എന്നും അങ്ങനെ തന്നെയാ.....

കണക്റ്റികട്ട് സംസ്ഥാനത്തെ ന്യൂടൗണിലെ സാന്റിഹുക്ക് സ്കൂളിൽ അരങ്ങേറിയ കിരാതനരവേട്ട!!!


അമ്മയെ കൊന്ന് നരവേട്ട നടത്തിയവൻ- ആഡംലാൻസ ആത്മഹത്യ ചെയ്തു!

വാർത്തകളിലൂടെ ആഡംലാൻസയുടെ കുടുംബപശ്ചാത്തലമറിഞ്ഞപ്പോഴാണ് എന്റെ ഉള്ളിലുള്ള വേദന നിലവിളിയായി മാറിയത്. അപ്പൻ പീറ്റർലാൻസും അമ്മ നാൻസിയും വിവാഹബന്ധം വേർപെടുത്തിയപ്പോൾ അസ്വസ്ഥനായ ആഡംലാൻസ അന്തർമുഖനായി മാറി. സഹോദരനായ റൈയൽ ലാൻസ വെളിപ്പെടുത്തി. തകർന്ന കുടുംബം... തകർന്ന ബന്ധങ്ങൾ... വിവാഹമോചനം നേടിയ അപ്പനും അമ്മയും. അപ്പന് അപ്പന്റെ വഴി! അമ്മയ്ക്ക് അമ്മയുടെ വഴി! മക്കൾ പെരുവഴിയിൽ! തകർന്ന ജീവിതം.

തകർന്നുപോയി ആഡംലാൻസ
തകർന്നുപോയി അവന്റെ മനസ്സ്
തകർന്നുപോയി അവന്റെ ജീവിതം
തകർത്തു അവൻ അമ്മയെ
തകർത്തുതരിപ്പണമാക്കി അനേകം പിഞ്ചോമനകളെ

തൽഫലമായി തകർന്നത് അനവധി കുടുംബങ്ങൾ! ശിഥിലമായ കുടുംബബന്ധങ്ങൾ ഒരു വിദ്യാലയത്തെ മുഴുവൻ ശവപറമ്പാക്കി മാറ്റി.

ഷിജി മോളേ, മോളു വിചാരിക്കും അമേരിക്കയിൽ നടന്ന കാര്യത്തിന് ചേച്ചി എന്തിനാ ഇത്രയും ആധിപിടിക്കുന്നതെന്ന്. എങ്ങനെ പിടിക്കാതിരിക്കും മോളെ.... നമ്മുടെ നാട്ടിൽ - ദൈവത്തിന്റെ സ്വന്തം നാട്ടിലും കുടുംബന്ധങ്ങളൊക്കെ ശിഥലമായിക്കൊണ്ടിരിക്കയാ. വിശുദ്ധമായിരി




ക്കേണ്ട വിവാഹബന്ധങ്ങളുടെ, കുടുംബത്തിന്റെ പരിശുദ്ധി നഷ്ടമായി എന്നുതന്നെ പറയാം...

അതിന്റെ പ്രതിധ്വനിയല്ലേ അനുദിനമുള്ള പീഡനവാർത്തകൾ!!!

അപ്പൻ മകളെ പീഡിപ്പിച്ചതും ഉറ്റബന്ധുക്കളൊത്ത് പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചതും ഒക്കെ. പത്രത്തിന്റെ ഒരു പേജ് പീഡനത്തിനായി "dedicate" ചെയ്തിരിക്കുകയാണ്...

അനവധി വിവാഹമോചനങ്ങൾ....

വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ....

പ്രതിദിനം 1,2500 ആത്മഹത്യകളാണ് നടക്കുന്നത്. എന്റെ ദൈവമേ!!! ഓരോ ദിവസവും ഓരോ ആശുപത്രിയിലും കശാപ്പുചെയ്യുന്ന ഒരു മാസം മുതൽ 7 മാസം വരെ പ്രായം ഉള്ള കുഞ്ഞുങ്ങളുടെ നിലവിളി ആരും കേൾക്കുന്നില്ലേ........???

മോളേ, വിവാഹത്തിലൂടെ വിശ്വാസത്തിൽ വേരൂന്നിയ വിശുദ്ധമായ കുടുംബത്തിന് രൂപം കൊടുത്തിരുന്നെങ്കിൽ ഈ സമൂഹം എത്ര വിശുദ്ധമായേനെ...

ഒത്തിരി പ്രാർത്ഥിച്ചും വേദനിച്ചും ഇരുന്നപ്പോഴാണ് ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെട്ട റോസേത്തയെയും ജോവാന്നിയെയുംപറ്റി വായിക്കാനിടയായത്. ഏറെ ഹൃദയസ്പർശകമായി തോന്നി അവരുടെ ജീവിതങ്ങൾ! വിശുദ്ധ ജീവിതം നയിച്ച ഈ ദമ്പതികളുടെ ജീവിതം വിവാഹവാർഷികസമ്മാനമായി ചേച്ചി അയച്ചുതരാൻ ആഗ്രഹിക്കുകയാണ്. മോൾക്ക് മാത്രമല്ല എല്ലാ വായനക്കാർക്കും... വിവാഹിതർക്കും.

1928 ഇറ്റലിയിലെ ത്രോൺസാതോ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിക്കപ്പെടുകയാണ്... വധുവായ റോസേത്തയും വരനായ ജോവാന്നിയും പരസ്പരം കൈകൾ കോർത്തുപിടിച്ച് വചനഗ്രന്ഥം സാക്ഷിയാക്കി കാർമ്മികൻ ചൊല്ലിക്കൊടുത്ത പ്രാർത്ഥന ഏറ്റുചൊല്ലി.

ഇന്നു മുതൽ മരണം വരെ സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും വി. ഗ്രന്ഥം സാക്ഷിയാക്കി ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

പുതിയ കുടുംബത്തിൻ കതിരുകൾ ഉയർന്നു...

ഇരുകൈവഴികളായി ഒഴുകിയിരുന്നവർ ഒന്നായി ഒഴുകാൻ തുടങ്ങി.... പരസ്പരം അർപ്പിച്ച്, പരസ്പരം ലയിച്ച്, അവർ ഒന്നായി... വിശുദ്ധമായ ബലിവേദിയിൽ വിശുദ്ധ സ്നേഹത്തിന്റെ ഊഷ്മളത പങ്കിടുവാനായി തങ്ങളുടെ മോതിരങ്ങൾ പരസ്പരം കൈമാറി.

"കുരുകിൽ പക്ഷി ഒരു സങ്കേതവും മീവൽ പക്ഷി കുഞ്ഞിന് ഒരു കൂടും കൂട്ടുന്ന ബലിപീഠത്തിന് അരികിൽ" (സങ്കീ 84,3) കുടുംബജീവിതത്തിന്റെ കൂടുചമയ്ക്കാൻ ഒരുങ്ങിയെത്തിയ ഈ നവദമ്പതികൾക്ക് കൃപയുടെ നിറവായി മാറി വിവാഹമെന്ന കൂദാശ.

വിവാഹത്തിലൂടെ വിശുദ്ധരാകാൻ, വിശുദ്ധരായ ഭാര്യയും ഭർത്താവുമാകാൻ... വിവാഹിതർക്കും വിശുദ്ധരാകാൻ സാധിക്കുമെന്ന് അവർ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യം നൽകി. ദൈവദാസരായ ദമ്പതികൾ... റോസേത്ത ഫ്രാൻസിയും ജോവാന്നി ഗേദ്ദേയും അവരെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ വെർച്ചെല്ലി രൂപതയിലെ മെത്രാസന ദൈവാലയത്തിൽ 2006 ഫെബ്രുവരി 16 ന് ആരംഭിച്ചു.

ഫെബ്രുവരി 10 ദമ്പതീദിനം ആഘോഷിക്കപ്പെടുകയാണ്... 'വാലന്റൈൻസ് ഡേ'യുടെ അടിപൊളി ആഘോഷങ്ങൾക്കിടയിൽ ആരുമാരും അറിയപ്പെടാതെ കടന്നുപോകുന്ന ഈ ദമ്പതീദിനത്തിൽ, വിവാഹമോചനം ഫാഷനായി മാറിക്കൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ, ദൈവദാസരായ ജോവാന്നിയുടെയും റോസേത്തയുടെയും വിശുദ്ധവഴികളെ വിശ്വാസപൂർവ്വം നമുക്ക് അനുയാത്ര ചെയ്യാം...

**ആരാണീ റോസേത്ത**

വെർച്ചെല്ലി രൂപതയിലെ ക്രോവാ എന്ന ഗ്രാമത്തിലെ ഗ്രാമീണ പെൺകൊടി! 1902 ൽ ജനിച്ച റോസേത്ത സാധാരണക്കാരിയായിരുന്നു. അസാധാരണമാംവിധം പരസ്നേഹത്തിൽ വ്യാപൃതയായിരുന്ന സാധാരണക്കാരി!! നിരക്ഷരരെ സാക്ഷരരാക്കുക... റോസേത്തയുടെ ജീവിതവ്രതമായിരുന്നുവെന്ന് തോന്നത്തക്കരീതിയിലായിരുന്നു അവളുടെ പ്രേഷിതപ്രവർത്തനങ്ങൾ. എഴുത്തും വായനയും അറിയാത്ത ആബാലവൃദ്ധം ജനങ്ങ




ളുടെയും അദ്ധ്യാപികയായിരുന്നു ഈ "കൊച്ചു ടീച്ചർ..." ഉയർന്ന പദവികളും ഉയർന്ന ഉദ്യോഗവും കരസ്ഥമാക്കാമായിരുന്നുവെങ്കിലും അതൊക്കെ വേണ്ടെന്നുവച്ച് അവൾ പ്രൈമറി സ്കൂൾ അദ്ധ്യാപികയായി. അതോടൊപ്പം മതാദ്ധ്യാപികയായി, തീർന്നില്ല, 'കാത്തലിക് ആക്ഷൻ' എന്ന സംഘടനയിലെ സജീവപ്രവർത്തകയായിരുന്ന റോസേത്തയുടെ ജീവിതം മുഴുവൻ ദരിദ്രരോടൊപ്പമായിരുന്നു.

കാലചക്രം മുമ്പോട്ടു നീങ്ങി... ഒരുപാടു കല്യാണാലോചനകൾ... അവസാനം അതുറപ്പിച്ചു. 1900 ൽ വിയാൽചിതോയിൽ ജനിച്ച ജോവാന്നി ഗേദ്വേ എന്ന ചെറുപ്പക്കാരനുമായിട്ട്. ജോവാന്നി അറിയപ്പെട്ടിരുന്നത് 'പാവങ്ങളുടെ രക്ഷകൻ' എന്ന അപരനാമത്തിലായിരുന്നു. കാത്തലിക് ആക്ഷൻ എന്ന സംഘടനയിൽ സജീവമായി പ്രവർത്തിച്ച ജോവാന്നിയും തന്റെ സമയവും സമ്പത്തും ആരോഗ്യവുമെല്ലാം ദരിദ്രർക്കുവേണ്ടി ചെലവഴിക്കുന്നതിൽ ആഹ്ലാദം കണ്ടെത്തിയവനായിരുന്നു.

ജോവാന്നിയും റോസേത്തയും ത്രോൺസാന ദൈവാലയത്തിൽ വച്ച് പരസ്പരം ചേർന്ന് ഇണയും തുണയുമായി (ഉല്പത്തി 2,18). ഈശോ മിശിഹായിൽ ഇഴയിട്ട അവരുടെ വിവാഹ ജീവിതത്തിന് നിറം പകർന്നത് അചഞ്ചലമായ ദൈവവിശ്വാസമായിരുന്നു. ജോവാന്നിയുടെ ആഗ്രഹങ്ങളൊക്കെ റോസേത്തയുടെ ആഗ്രഹങ്ങളായിരുന്നു. വിവാഹത്തിന്റെ ആദ്യനാളുകളിൽത്തന്നെ ജോവാന്നി റോസേത്തയോട് പറഞ്ഞു: "റോസാ, നമുക്കൊരുപാട് കുഞ്ഞുങ്ങൾ വേണം... നമുക്കവരെ വിശുദ്ധരായി വളർത്തണം... നാടിനും വീടിനും പ്രിയപ്പെട്ടവരായ കുഞ്ഞുങ്ങൾ.... സമർപ്പിത ജീവിതത്തിലേക്ക് നമ്മുടെ മക്കൾ നടന്നു ചെല്ലണം..." ജോവാന്നിയുടെ ഇഷ്ടങ്ങളും താല്പര്യങ്ങളുമൊക്കെ റോസ തന്റേതാക്കി മാറ്റി... ഇണക്കങ്ങളും പിണക്കങ്ങളുമൊക്കെ ഈ ദാമ്പത്യത്തെ കൂടുതൽ ശോഭയുള്ളതാക്കി. ആറു വർഷത്തെ വിവാഹജീവിതം ജോവാന്നിയുടെയും റോസേത്തയുടെയും ദാമ്പത്യവല്ലരിയിൽ മൂന്നു വിശുദ്ധ സൂനങ്ങൾ പിറന്നു. 1929-ൽ പിയറോയും 1930-ൽ ഫ്രഞ്ചേസ്കോയും 1931-ൽ മാരിയോയും. അപ്പനും അമ്മയും മൂന്നു കുഞ്ഞുങ്ങളും. പ്രാർത്ഥിച്ച്, പങ്കുവച്ച്, സ്നേഹിച്ച്, സഹായിച്ച് അവർ ജീവിച്ചു. റോസേത്ത വീണ്ടും ഗർഭിണിയായി.... നാലാമത്തെയും അഞ്ചാമത്തെയും ഗർഭം അലസിപ്പോയി. അസഹനീയമായ വേദന അനുഭവപ്പെട്ടെങ്കിലും ദൈവഹിതത്തിന് അവർ തങ്ങളെത്തന്നെ അടിയറവച്ചു.

ആറാമതും റോസേത്ത ഗർഭം ധരിച്ചു. തന്റെ ഉദരത്തിൽ ഇരട്ടക്കുഞ്ഞുങ്ങൾ ജന്മമെടുത്തിരിക്കുന്നു!!! ജോവാന്നിയും റോസേത്തയും ഒരുപാട് സന്തോഷിച്ചു. അവരെ സ്വീകരിക്കുവാൻ ആ കുടുംബം മുഴുവൻ പ്രാർത്ഥിച്ച് ഒരുങ്ങി. പക്ഷേ, ദൈവഹിതം മറ്റൊന്നായിരുന്നു. 1934 ഒക്ടോബർ 23-ാം തീയതി ശ്വാസകോശരോഗം പിടിപെട്ട് 32-ാമത്തെ വയസ്സിൽ അകാലപ്രസവത്തിൽ റോസേത്ത മരിച്ചു...

ക്രോവയെത്തന്നെ ഞെട്ടിച്ച സംഭവം!! ക്രോവയെ കണ്ണീർപുഴയിൽ ആഴ്ത്തിയ ദാരുണ മരണം!!! കേട്ടവർ കേട്ടവർ മാറത്തടിച്ചു നിലവിളിച്ചു.

ഭാര്യയുടെയും ഇരട്ടക്കുഞ്ഞുങ്ങളുടെയും ശവമഞ്ചത്തിനരുകിൽനിന്ന് ജോവാന്നി തേങ്ങി... ചുറ്റും തടിച്ചുകൂടിയ ജനമൊക്കെ പറഞ്ഞു: "ഈ ദ്രോഹം ഈ കുടുംബത്തോട് വേണ്ടായിരുന്നു..." പക്ഷേ, ജോവാന്നി ദൈവത്തെ പഴിച്ചില്ല. ദൈവത്തിനെതിരെ ചോദ്യങ്ങൾ ഒന്നും ഉന്നയിച്ചില്ല. ജോബിനെപ്പോലെ ജോവാന്നി പറഞ്ഞു: "ദൈവം തന്നു, ദൈവമെടുത്തു, അവിടുത്തെ ഹിതം നിറവേറട്ടെ".

കുടുംബജീവിതത്തിന്റെ പ്രതിബന്ധങ്ങളുടെയും വേർപാടുകളുടെയും നടുവിൽ ജോവാന്നിയെപ്പോലെ നമുക്കും പറയാനാവുമോ?

റോസേത്തയുടെ മരണശേഷം ക്രോവ ഇടവകയിലെ വികാരിയച്ചൻ അവൾക്കുവേണ്ടി വെള്ള നിറമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ് മരിച്ചവർക്കുവേണ്ടിയുള്ള ബലിയർപ്പിച്ചു... (മരിച്ചവർക്കുവേണ്ടി ബലിയർപ്പിക്കുമ്പോൾ വയലറ്റ് നിറമുള്ള തിരുവസ്ത്രങ്ങളാണ് സാധാരണ അണിയാറുള്ളത്). തിരുനാൾ ദിനത്തിലും ഞായറാഴ്ചകളിലും മാത്രം ധരിക്കുന്ന തിരുവസ്ത്രങ്ങളണിഞ്ഞ് ബലിയർപ്പിക്കാൻ എത്തിയ അദ്ദേഹം അവിടെ തിങ്ങിക്കൂടിയ വിശ്വാസികളോടു പറഞ്ഞു... "ഞാൻ റോസേത്തയുടെ കുമ്പസാരക്കാരനും വികാരിയുമാണ്. റോസേത്ത ഒരു മാലാഖയായിരുന്നു.

അവൾ ഇപ്പോൾ പറുദീസായിലാണെന്ന് എനിക്കുറപ്പുണ്ട്. അതുകൊണ്ട് മരിച്ചവർക്കുവേണ്ടിയുള്ള കുർബാന നമുക്ക് അർപ്പിക്കേണ്ട. പ്രത്യുത, മാലാഖമാരുടെ കുർബാന നമുക്ക് അർപ്പിക്കാം..."

സ്നേഹമയിയായ ഭാര്യയുടെ വേർപാടിന്റെ വേദന മായുംമുമ്പ് മറ്റൊരു വേദനയുടെ നടുക്കടലിലേക്ക് ജോവാന്നി വലിച്ചിഴയ്ക്കപ്പെട്ടു. ഇറ്റലിയിലെ ഫാസിസ്റ്റ് പാർട്ടിയിൽ അംഗമാകാതിരുന്നതിന് ശിക്ഷയായി റഷ്യയിൽ യുദ്ധത്തിനായി അയയ്ക്കപ്പെട്ടു. ഭാര്യയുടെ വേർപാട്, അനാഥരായ പൊന്നോമനകൾ... അന്യനാട്ടിൽ തടവറയിലെ ജീവിതം.... വിശ്വാസത്തെ ചോദ്യം ചെയ്യുന്ന നിമിഷങ്ങൾ.... പക്ഷേ, ഇവയൊന്നും ജോവാന്നിയെ ദൈവസ്നേഹത്തിൽ നിന്നകറ്റിയില്ല. സഹനത്തിന്റെ തീച്ചൂളയിൽക്കൂടി നടന്നപ്പോഴും അദ്ദേഹത്തിന്റെ ദൈവവിശ്വാസം വൈഡൂര്യംപോലെ വെട്ടിത്തിളങ്ങി.

കോസേദിയാ ഡിവിഷനിലെ പീരങ്കിപ്പട്ടാളത്തിന്റെ ക്യാപ്റ്റനായിരിക്കെ ജന്മനാട്ടിലേക്ക് തിരിച്ചുചെല്ലാനുള്ള കല്പന ലഭിച്ചു. ജോവാന്നിയുടെ കീഴിൽ സബ്ലഫ്റ്റനന്റ് ആയിരുന്ന യുവസൈനികനെ മുറിവേറ്റവരോടൊപ്പം നിറുത്തിയിട്ട് നാട്ടിലേക്ക് തിരിച്ചു ചെല്ലാനായിരുന്നു ഉത്തരവ്. ജോവാന്നിയുടെ മനസ്സിൽ ശക്തമായ വടംവലി...

സ്വന്തം നാട്, വീട്, അനാഥരായ കുഞ്ഞുങ്ങൾ, ഭാര്യയുടെ കബറിടം...അവിടെ എത്താനുള്ള ആഗ്രഹം ഒരു വശത്ത്.

നിറകണ്ണുകളോടെ ജീവിക്കാനുള്ള ആർത്തിയോടെ തന്നെത്തന്നെ നോക്കിനിൽക്കുന്ന സബ്ലഫ്റ്റനന്റ് മറുവശത്ത്.

അദ്ദേഹം ഒരു നിമിഷം പ്രാർത്ഥനാനിരതനായി... പിന്നീട്, ഉറച്ചകാൽവയ്പുകളോടെ ധീരനായ ജോവാന്നി സബ്ലഫ്റ്റനന്റിനോട് പറഞ്ഞു: "നീ നന്നേ ചെറുപ്പമാണ്. ഇനിയും ജീവിതം നയിക്കേണ്ടവൻ.... നീ രക്ഷപെട്ടുകൊള്ളൂ... നിനക്ക് പകരമായി ഞാനിവിടെ നിന്നോളാം..."

മറ്റൊരു മാക്സ്മില്യൻ കോൾബേയായി 1942 ഡിസംബറിൽ ജോവാന്നി എന്ന വിശ്വാസധീരൻ വീരചരമം പ്രാപിച്ചു.

## നോമ്പുകാലം

നോമ്പുകാലം പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഒരു കാലമായി മാറണം. നമ്മുടെ തെറ്റുകളും കുറ്റങ്ങളും വഴി പാപത്തിന് അടിമയായതോർത്തും അവ സമൂഹത്തിനും സഹോദരങ്ങൾക്കും തിന്മയായി ഭവിച്ചതോർത്തും നാം വിലപിക്കണം. കൂടാതെ നമ്മിൽനിന്നും വേർപിരിഞ്ഞുപോയവരെ ഓർത്ത് ഉപവാസവും ദാനധർമ്മവും പ്രാർത്ഥനയും വഴി അവരെ സഹായിക്കുകയും വേണം.

ദൈവദാസരായ റോസേത്തയും ജോവാന്നിയും സാധാരണക്കാരായിരുന്നു. ചുരുങ്ങിയ ജീവിതകാലം... സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും അവർ ഒന്നായി. വിവാഹം എന്ന വിശുദ്ധ കൂദാശയിലൂടെ വിശുദ്ധമായ കുടുംബത്തിന് അടിത്തറയിട്ടു.... വിശുദ്ധിയുടെ മാണിക്യക്കല്ലുകളായി.

ഇന്ന് അവരുടെ മദ്ധ്യസ്ഥതയിൽ അസ്വസ്ഥത നിറഞ്ഞ അനേകം കുടുംബങ്ങൾ സ്വസ്ഥത അനുഭവിക്കുന്നു. വഴിപിരിയാൻ ഒരുങ്ങുന്ന ദമ്പതികൾ ഇവരുടെ കബറിടത്തിൽ പ്രാർത്ഥിച്ച് ഒന്നാകുന്നു. അത്ഭുതങ്ങളുടെ കലവറയായി ക്രോവയും ത്രോൺസാനയും നമ്മുടെ മുമ്പിൽ സ്വർഗ്ഗീയപ്രഭ ചൊരിയുന്നു.

വിവാഹ വാർഷികത്തിന്റെ സ്നേഹോഷ്മളമായ ആശംസകൾ പരസ്പരം പങ്കിടുമ്പോൾ റോസേത്തയുടെയും ജോവാന്നിയുടെയും വിശുദ്ധ ജീവിതം സ്വന്തമാക്കാം. വിശുദ്ധമായ വിവാഹജീവിതത്തിലൂടെ വിശുദ്ധരായ മക്കളെ ലോകത്തിന് പ്രദാനം ചെയ്യാം.

വിശുദ്ധിയുടെ മുത്തുകൾക്ക്

# ഉറുമ്പിന്റെ വിവേകം



കുനനുറുമ്പേ, കുഞ്ഞനുറുമ്പേ
വേഗത്തിൽ നീയെങ്ങോട്ടാ
തളർന്നില്ലേ നീ, ക്ഷീണിച്ചില്ലേ
ചുമടു ചുമന്നു കുഴഞ്ഞില്ലേ
ആടാം പാടാം ക്ഷീണമകറ്റാം
എന്നോടൊപ്പം കൂടിക്കോ.



അണ്ണാൻ കുഞ്ഞേ, ഓമനക്കുട്ടാ
ആടിപ്പാടി നടന്നാലോ
ശൈത്യകാലം വന്നീടിൽ
പട്ടിണികിടക്കും നിശ്ചയമേ.
അലസത മാറ്റാം ഉത്സാഹിക്കാം
വിവേകിയായി തീർന്നീടാം.

**മിൽഡാ മരിയ മാത്യു**


പദപ്രശ്നം പൂരിപ്പിക്കുന്നതിനു മുമ്പ് മത്താ 5,6,7 അദ്ധ്യായങ്ങൾ വായിക്കുക


**വലത്തോട്ട്**

1. തന്നിൽ നിന്ന് അകന്നുപോരണമെന്ന് ഈശോ ആവശ്യപ്പെട്ടത് എന്തു പ്രവർത്തിക്കുന്നവരോടാണ്? (3 അക്ഷരം)
2. നിങ്ങൾ ലോകത്തിന്റെ എന്താണെന്നാണ് ഈശോ പറഞ്ഞത്? (3 അക്ഷരം)
3. വിസ്തൃതമായ വാതിലും വിശാലമായ വഴിയും നമ്മെ കൊണ്ടെത്തിക്കുന്നത് ...........ലാണ് (3 അക്ഷരം)
5. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എവിടെ എറിയപ്പെടും? (3 അക്ഷരം)
7. ഈശോ ആരെപ്പോലെ പഠിപ്പിക്കാതിരുന്നതിനാലാണ് അവന്റെ പ്രബോധനത്തിൽ ജനാവലി വിസ്മയിച്ചത്? (5 അക്ഷരം)

**താഴോട്ട്**

1. ഈശോ പഠിപ്പിച്ചത്.........ഉള്ളവനെപ്പോലെയാണ് (4 അക്ഷരം)
2. കപടനാട്യക്കാർ ഭിക്ഷ കൊടുക്കുമ്പോൾ കാഹളം മുഴക്കുന്നത് എന്തുലഭിക്കാനാണ്? (3 അക്ഷരം)
3. പ്രാർത്ഥിക്കുമ്പോൾ അതിഭാഷണം ചെയ്യുന്നതാരാണ്? (5 അക്ഷരം)
4. നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതെ ചെയ്യേണ്ടതെന്ത്? (5 അക്ഷരം)
6. ഏതാണ് നാം നിക്ഷേപം കരുതിവയ്ക്കേണ്ട സ്ഥലം? (3 അക്ഷരം)
8. ഈശോ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി. ഈശോ ഇരുന്ന സ്ഥലം? (2 അക്ഷരം)




**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018

15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ഉത്തരങ്ങൾ മാർച്ച് 31 നു മുമ്പായി ലഭിക്കത്തക്കവിധത്തിൽ അയയ്ക്കുമല്ലോ



കഥ

# മനസ്താപം

"ടോണി എനിക്കീ കണക്കൊന്നു പറഞ്ഞു തരുമോ?" ക്ലാസ്സ്ടെസ്റ്റിനു വേണ്ടി തീക്ഷ്ണതയിൽ പഠിച്ചുകൊണ്ടിരുന്ന ടോണിയോട് മനുകുട്ടൻ ചോദിച്ചു. ഇന്നലെ ടീച്ചർ പഠിപ്പിച്ചപ്പോൾ നീ എന്തെടുക്കുകയായിരുന്നു? എനിക്കിപ്പോൾ നേരമില്ല... ടോണിയുടെ ദേഷ്യത്തിലുള്ള മറുപടി കേട്ട് മനുകുട്ടൻ വിഷമത്തോടെ തന്റെ ബെഞ്ചിലേക്ക് മടങ്ങിപ്പോയി. പരീക്ഷയ്ക്കിടയിൽ ടോണിമോൻ മനുവിനെ ശ്രദ്ധിച്ചു. അവൻ ഒന്നുമെഴുതാതെ വിഷണ്ണനായിരിക്കുന്നു. 'അങ്ങനെ തന്നെ വേണം. ക്ലാസ്സിൽ പഠിപ്പിച്ചപ്പോൾ ശ്രദ്ധിക്കണമായിരുന്നു' ടോണിമോൻ മനസ്സിൽ ചിന്തിച്ചു.

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം ടീച്ചർ ക്ലാസ്സിൽ വന്നപ്പോൾ അവരോടായി ചോദിച്ചു. കുട്ടികളേ, നമ്മുടെ ക്ലാസ്സിലെ മനു ഇത്രയും ദിവസം വരാതിരുന്നിട്ടും ആരെങ്കിലും അന്വേഷിച്ചോ അവനെന്തുപറ്റിയെന്ന്? എല്ലാവരും മിണ്ടാതിരുന്നു. അച്ഛനില്ലാത്ത കുട്ടിയാ അവൻ. ടീച്ചർ തുടർന്നു, കഴിഞ്ഞ ദിവസങ്ങളിലാണ് അവന്റെ അമ്മയ്ക്കും കാൻസർ ആണെന്ന് അറിഞ്ഞത്. അമ്മയ്ക്ക് മരുന്നിനും തന്റെ രണ്ടു കുഞ്ഞനുജത്തിമാരെ നോക്കാനുമായി അവൻ രാത്രി പത്തു മണിവരെ ഹോട്ടലിൽ പണിചെയ്തിരുന്നു. ഒപ്പം അതിരാവിലെ എഴുന്നേറ്റ് പത്രവില്പനയും. ഭയങ്കരമായ പനിപിടിച്ച് വഴിയിൽ തളർന്നുവീണ അവനെ ആരൊക്കെയോ ആശുപത്രിയിലെത്തിച്ചു. മരുന്നിനും ഭക്ഷണത്തിനുമുള്ള പണത്തിനായി അവൻ കഷ്ടപ്പെടുകയാണ്. ഇത്രയും കേട്ടപ്പോഴേക്കും ടോണിമോന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. മനുവിന് കണക്ക് പറഞ്ഞുകൊടുക്കാതിരുന്നതിൽ അവനു ഖേദം തോന്നി. മനുവിനുവേണ്ടി നമുക്കെന്തുചെയ്യാൻ പറ്റും? ടീച്ചർ ചോദ്യരൂപത്തിൽ എല്ലാവരുടെയും മുഖത്തേക്ക് നോക്കി. ടീച്ചർ, ഞങ്ങളവനെ സഹായിക്കാം. ടോണിയുടെ സ്വരം ഉറച്ചതായിരുന്നു. ബാക്കി കുട്ടികളും അവന്റെ ഒപ്പംകൂടി. ഞങ്ങൾക്ക് മിഠായി വാങ്ങാൻ കിട്ടുന്ന കൊച്ചു തുകകൾ കൂട്ടിവച്ച് ഞങ്ങൾ അവന് നല്കും.

അന്ന് വൈകുന്നേരം ടോണി തന്റെ അമ്മയെയും കൂട്ടി മനുവിനെ കാണാൻ പോയി. പനിയുടെ ക്ഷീണത്തിലായിരുന്ന മനുവിനെ ടോണിമോൻ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു: എന്നോട് ക്ഷമിക്കണേ, മനു... സാരമില്ല, ടോണി, ഞാനത് എന്നേ മറന്നു. മനു, ഇനി നിന്റെ എന്താവശ്യത്തിനും ഞാനും എന്റെ അമ്മയും പപ്പയും ഉണ്ടാവും... ടോണി അവന് ഉറപ്പു നല്കി. ആശുപത്രി വിട്ട് പുറത്തേക്കിറങ്ങുമ്പോൾ അവന്റെ അമ്മ പറഞ്ഞു: "ടോണിമോനെ, ഈ നോമ്പുകാലത്ത് നിനക്കു ചെയ്യാൻ പറ്റുന്ന ഏറ്റവും നല്ല പ്രവൃത്തിയായിരുന്നു അത്". അവൻ ചാരിതാർത്ഥ്യത്തോടെ തന്റെ അമ്മയെ നോക്കി.


**അൽഫോൻസാ മാത്യു**



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# Miracles follow *tales of sorrow*

Ms. Ann Mary Jacob



Some one, some where sings tonight
"Miracles follow tales of sorrow"
My heart then exults with delight
And sings its tale tonight

"Mute am I" complained my soul
Muse of words went far away
The Queen of sounds never paid heed


Behold! At last comes a miracle
Someone strange knocked at my door
In the dark of night; for a place of rest
He was none but Jesus my Lord

The single slice of bread I gave
And the humble cup of wine I served
Brought to me the bliss of words

My birth which once was cursed with silence
Now brings up ripples of phonemes
I shall sing for ever and ever
Praises for this heavenly miracle



# നിങ്ങൾ ഉത്കണ്ഠാകുലരാകരുതേ...



ഡെയ്സി മുളവന
ചങ്ങനാശ്ശേരി

"നിങ്ങളുടെ ഉത്കണ്ഠകളെല്ലാം കർത്താവിനെ ഏല്പിക്കുവിൻ; അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്" (1 പത്രോ 5,7).

ഒരു തള്ളക്കുരുവിയും അതിന്റെ കുഞ്ഞും മരത്തിലിരിക്കുകയായിരുന്നു. താഴേക്കു നോക്കിക്കൊണ്ട് കുഞ്ഞുകുരുവി ചോദിച്ചു: "അമ്മേ, ഈ മനുഷ്യർ ഇത്രമാത്രം ഉത്കണ്ഠാകുലരായും വെപ്രാളപ്പെട്ടും നടക്കുന്നത് എന്തുകൊണ്ടാണ്?" തള്ളക്കുരുവി പറഞ്ഞു: "എന്നെയും നിന്നെയും സംരക്ഷിച്ച് പരിപാലിക്കുന്നതുപോലെയുള്ള ഒരു സ്വർഗ്ഗസ്ഥനായ പിതാവ് അവർക്കില്ല എന്നാണ് എനിക്കു തോന്നുന്നത്".

ഇന്നു മനുഷ്യൻ വളരെ ഉത്കണ്ഠാകുലനും വ്യഗ്രചിത്തനും അസ്വസ്ഥനും നിരാശനുമൊക്കെയാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകളും ദുഃഖങ്ങളും പ്രതികൂലസാഹചര്യങ്ങളുമുണ്ടാകുമ്പോൾ ദൈവത്തിലാശ്രയവും ആശ്വാസവും കണ്ടെത്തുന്നതിനു പകരം പ്രതീക്ഷ നശിച്ചവനെപ്പോലെ അവൻ നിരാശപ്പെട്ട് ഉഴലുകയാണ്. ദൈവത്തോടൊപ്പം ശാന്തമായിരുന്നു ചിന്തിക്കാനോ പ്രാർത്ഥിക്കാനോ അവൻ ശ്രമിക്കാറില്ല. കഴിഞ്ഞതും വരാനിരിക്കുന്നതും ഇപ്പോഴുള്ളതും എല്ലാം അറിയുന്ന ദൈവം സർവ്വതും നന്മയ്ക്കായി പരിണമിപ്പിക്കുമെങ്കിൽ (റോമാ 8,28) പിന്നെ എന്തിന് നാം ആകുലപ്പെടണം? "നിന്റെ വിലാപസ്വരം കേട്ട് അവിടുന്ന് കരുണ കാണിക്കും; അതുകേട്ട് നിനക്ക് ഉത്തരമരുളും. കർത്താവ് നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല" (ഏശ 30,19-20). വേദനകളും കഷ്ടപ്പാടുകളുമുണ്ടാകുമ്പോൾ ദൈവം നമ്മെ ഉപേക്ഷിച്ചു എന്ന തോന്നൽ നമുക്കുണ്ടാകാം. എന്നാൽ വെളിപാട് 21,4 ൽ പറയുന്നു,'കരയുന്നവരുടെ കണ്ണിൽനിന്നും കണ്ണീർ തുടച്ചുമാറ്റുന്നത് കർത്താവാണ്' എന്ന്.

ഏതവസ്ഥയിലും ദുഃഖത്തിലും ദാരിദ്ര്യത്തിലും രോഗത്തിലും കഷ്ടതകളിലും കഠിന പരീക്ഷണങ്ങളിലുമെല്ലാം ദൈവം കൂടെയുണ്ടെന്നും ദൈവം എല്ലാം നന്മയ്ക്കായി മാറ്റുമെന്നും ദൃഢമായി വിശ്വസിക്കുന്നവൻ ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും തളരുകയില്ല. ആശ്രയിക്കാനും ആശ്വാസം നല്കാനും എന്നെ സ്നേഹിക്കുന്ന ദൈവം എന്നോടൊപ്പമുണ്ടെന്ന വിശ്വാസം നഷ്ടപ്പെടുന്നതാണ് നമ്മുടെ എല്ലാ അസ്വസ്ഥതകൾക്കും ആകുലതകൾക്കും കാരണം. അപ്പോൾ ദുഷ്ടാരൂപി അവന്റെ ഹൃദയത്തിൽ കടന്നുവന്ന് അവനെ നിരാശയിലേക്ക് വലിച്ചിഴയ്ക്കുകയും ജീവിതം അവസാനിപ്പിക്കാൻ പ്രലോഭിപ്പിക്കുകയും ചെയ്യുന്നു. ആകുലതകളുണ്ടാകുമ്പോൾ ദൈവത്തിൽ വിശ്വാസമുള്ള വ്യക്തിക്ക് സങ്കീർത്തകനെപ്പോലെ പറയാനാകും, "എന്റെ ഹൃദയത്തിൽ ആകുലതകൾ വർദ്ധിക്കുമ്പോൾ അങ്ങ് നല്കുന്ന ആശ്വാസം എന്നെ ഉന്മേഷവാനാക്കുന്നു" (സങ്കീ 94,19).

നമുക്കു കർത്താവിന്റെ വചനം ശ്രവിക്കാം: "എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്ന് ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട. ... ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. ... അതിനാൽ നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. ... ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്താ 6,25-34).

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28). ഈ വചനങ്ങൾ നമ്മുടെ ആകുലതകളിലും അസ്വസ്ഥതകളിലും ഉത്കണ്ഠകളിലും നമുക്ക് ആശ്വാസവും സമാധാനവും നല്കട്ടെ.

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-10



# അരൂപിയോടുകൂടിയുള്ള സംഭാഷണം

റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പരിശുദ്ധാത്മാവുമായുള്ള സംഭാഷണത്തിന് ഒരു വലിയ പ്രാധാന്യമുണ്ട്. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നത് സത്യമാണ് - നാം അത് വിശ്വസിക്കുന്നു: "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലേ?" (1 കോറി 3,16). പൗലോസ്ശ്ലീഹാ വീണ്ടും പറയുന്നു: "രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്" (എഫേ 4,30).

നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ വാസം സജീവമാണ്. ഈശോ പറയുന്നു: "...എങ്ങനെ പറയണമെന്നോ എന്തു പറയണമെന്നോ നിങ്ങൾ ആകുലപ്പെടേണ്ട. നിങ്ങൾ പറയേണ്ടത് ആ സമയത്ത് നിങ്ങൾക്ക് നല്കപ്പെടും. എന്തെന്നാൽ, നിങ്ങളല്ല, നിങ്ങളിലൂടെ നിങ്ങളുടെ പിതാവായ ദൈവത്തിന്റെ ആത്മാവാണ് സംസാരിക്കുന്നത്" (മത്താ 10,19-21).

"നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8, 26-27). പരിശുദ്ധാത്മാവിന്റെ സഹായംകൂടാതെ ഒരു വാക്കുപോലും ഉച്ചരിക്കുവാൻ നമുക്കു സാധ്യമല്ല. ഇത്രമാത്രം നമ്മിൽ പ്രവർത്തനനിരതനായിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് ഓർക്കുകപോലും ചെയ്യുന്നില്ല. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ആദ്ധ്യാത്മികതയിൽ ജീവിക്കുവാൻ നമുക്ക് ഒരിക്കലും സാധ്യമല്ല.

ഏതു രീതിയിലാണ് പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നത്? ഒന്നാമതായി ശുദ്ധീകരണവരപ്രസാദത്തിലൂടെ. ദൈവവുമായുള്ള സംഭാഷണം ആരംഭിക്കുന്നതിനുള്ള സാധ്യതയാണ് ഇതിലൂടെ നമുക്കു ലഭിക്കു

ന്നത്. ശുദ്ധീകരണവരപ്രസാദമില്ലെങ്കിൽ നാം ദൈവത്തിന്റെ മക്കളായിരിക്കുകയില്ല. രണ്ടാമതായി കൗദാശികവരപ്രസാദത്തിലൂടെ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾക്കായി നല്കപ്പെടുന്ന കൂദാശകൾ കൃപാവരത്തിന്റെ കനാലുകളാണ്. നമ്മുടെ നിരവധിയായ ജീവിതാവശ്യങ്ങൾക്ക് പരിശുദ്ധാത്മാവ് കൂദാശകളിലൂടെ നല്കപ്പെടുന്ന കൃപാവരത്തിലൂടെ മറുപടി നല്കുന്നു. മൂന്നാമതായി, പരിശുദ്ധാത്മാവ് പ്രവർത്തകവരപ്രസാദത്തിലൂടെ നമ്മോടു സംസാരിക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവുമായി, നമുക്ക് ആവശ്യമായവ നല്കിക്കൊണ്ട്, എപ്പോഴും ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്.

ഈ മൂന്നു വിധത്തിലുള്ള സംഭാഷണത്തിൽ അടിസ്ഥാനമിട്ടതാണ് നമ്മുടെ താപസികജീവിതം. താപസികജീവിതം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദൈവികപുണ്യങ്ങളിലൂടെയും ദൈവനിവേശിതപുണ്യങ്ങളിലൂടെയുമുള്ള നമ്മുടെ പരിശ്രമജീവിതമാണ്. സ്നേഹമാകുന്ന പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിനെ സ്നേഹത്തിന്റെ തികവിൽ എത്തിച്ചേർക്കാൻ വേണ്ടി എല്ലാ പുണ്യങ്ങളുടെയും പരിശീലനത്തിന് നമ്മെ നിർബന്ധിക്കുന്നു. ദാനങ്ങളെ കാറ്റിന്റെ ഗതിയനുസരിച്ച് മുന്നോട്ടുപോകുന്ന വള്ളങ്ങളോടും പുണ്യങ്ങളെ മനുഷ്യൻ തുഴകോൽകൊണ്ട് തുഴഞ്ഞ് മുന്നോട്ടുപോകുന്ന വള്ളങ്ങളോടും സാമ്യപ്പെടുത്താം.

ഇതെല്ലാം വെറും താത്ത്വികമെന്നു തോന്നിയേക്കാം. എന്നാൽ നമ്മുടെ അനുദിന ആദ്ധ്യാത്മികജീവിതത്തിന്റെ യാഥാർത്ഥ്യമാണിത്. നാം ഓരോ ദിവസവും കൂടുതൽ നല്ലവരാകാൻ പരിശ്രമിക്കുന്നു. ഈ പരിശ്രമം പുണ്യങ്ങളിലുള്ള വളർച്ചയിലൂടെയാണ് സാദ്ധ്യമാകുക. ഇതാണ് പരിശുദ്ധാത്മാവിന്റെ സഹായത്താൽ സാക്ഷാത്ക്കരിക്കപ്പെടുന്ന താപസികജീവിതം. മനുഷ്യാത്മാവ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്, അവിടുത്തെ ഈ സംഭാഷണത്തിന്, എത്രമാത്രം ഉദാരതയിൽ മറുപടി നല്കുന്നുവോ അത്രമാത്രം അവിടുന്ന് ആ ആത്മാവിന്റെ കാര്യത്തിൽ ഇടപെടുന്നു. ഈ വളർച്ച വിശുദ്ധരിൽ അതിന്റെ പരമാവധിയിൽ രൂപംപ്രാപിക്കുന്നു.

ഒരു നല്ല കാര്യം ചെയ്യുന്നതിനായി നാം കാണിക്കുന്ന നല്ല മനസ്സും പരിശ്രമവും കാണുന്ന പരിശുദ്ധാത്മാവുതന്നെ ആ പ്രവൃത്തി പൂർത്തിയാക്കും. പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനവും ഈ സംഭാഷണവും നമ്മെ ദാനങ്ങളുടെ തലത്തിൽ എത്തിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു ദൈവികസംഭാഷണത്തിൽ നമ്മെ എത്തിക്കുന്നു.

ഉന്നതത്തിൽനിന്നും നമ്മിൽ എത്തുന്ന നിരവധിയായ ദൈവികശബ്ദങ്ങളുടെ മുമ്പിൽ നിസംഗരായി നിലകൊള്ളാൻ പാടില്ല. മറിച്ച്, നാം അതിന് പ്രത്യുത്തരിക്കണം. നമ്മുടെ ആത്മാവിന്റെ നേർക്കുള്ള പരിശുദ്ധാത്മാവിന്റെ ശബ്ദങ്ങളെ നാം വേണ്ടവിധത്തിൽ ശ്രവിച്ച് മറുപടി നല്കുന്നുണ്ടോ എന്ന് നമുക്ക് ആത്മശോധന ചെയ്യാം.

### നോമ്പുകാലം

നോമ്പുകാലത്ത് ഉപവാസത്തിനും പ്രാധാന്യമുണ്ട്. ഉപവാസത്തോടുകൂടിയ പ്രാർത്ഥന കൂടുതൽ ഫലപ്രദമാണ്. ഉപവാസത്തിന്റെ പ്രാധാന്യത്തെയും ശക്തിയെയും എടുത്തുകാട്ടുന്ന നിരവധി സന്ദർഭങ്ങൾ ബൈബിളിലുടനീളമുണ്ട്. പൂർവ്വപിതാക്കന്മാരും രാജാക്കന്മാരും പുരോഹിതരും പ്രവാചകന്മാരും മിശിഹാതന്നെയും ഉപവസിച്ചു പ്രാർത്ഥിക്കുന്നതിൽ നമുക്കു മാതൃകകളാണ്.

കുടുംബവേദി



# വാടാമലരുകൾ


**ഫാ. സിറിയക് കോട്ടയിൽ**
**ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി**


**ജോസ്** മാത്യു മണിമലക്കാരനാണ്. നല്ല പാരമ്പര്യമുള്ള കന്നിട്ടയാണ് കുടുംബം. ഇരുപത്തിനാലാമത്തെ വയസിൽ ഔദ്യോഗിക ജോലിയിൽ പ്രവേശിച്ച അയാൾ നല്ലൊരു അധ്വാനികൂടിയാണ്. തിരുവനന്തപുരത്തുള്ള കേന്ദ്രഗവൺമെന്റ് സ്ഥാപനത്തിൽ ജോലിക്കാരനായ ജോസ് മാത്യു ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണ് വീട്ടിൽ തങ്ങുന്നത്. ജോസ് -ലീലാമ്മ ദമ്പതികൾക്ക് മക്കൾ മൂന്നാണ്. രണ്ടു പെണ്ണും ഒരാണും. മൂത്തത് രണ്ടും പെൺകുട്ടികളും ഇളയത് ആൺകുട്ടിയുമാണ്. തന്റെ ഭർത്താവ് ആഴ്ചയിൽ അഞ്ചു ദിവസവും വീട്ടിൽ ഇല്ലെന്നതിനെക്കുറിച്ച് പരിഭവമൊന്നും ലീലാമ്മയ്ക്കില്ല. അതിന്റെ പേരിൽ ലീലാമ്മ ജോസുമായി വക്കാണമൊന്നും ഉണ്ടാക്കാറുമില്ല. ജോസ് അവധിദിനങ്ങളിൽ വീട്ടിലെത്തിയാൽപിന്നെ വലിയ തിരക്കിലാണ്. നല്ലൊരു കർഷകനായ അയാൾ ആ ദിനങ്ങളിൽ ഏറെയും തന്റെ കൃഷികൾക്കൊപ്പമായിരിക്കും. ഭാര്യ ലീലാമ്മയേയും മക്കളേയും അയാൾ തന്റെ കൃഷികളിൽ പരമാവധി സഹകരിപ്പിക്കുവാൻ ശ്രദ്ധിക്കും. ജോലിക്ക് തിരികെപോകുമ്പോൾ ആ ദിവസങ്ങളിൽ കൃഷികളുടെ മുഴുവൻ ഉത്തരവാദിത്വവും മക്കൾക്കാണ്. ലീലാമ്മയും വേണ്ടുന്ന നിർദ്ദേശങ്ങളൊക്കെ ആ ദിവസങ്ങളിൽ മക്കൾക്ക് നൽകും. അവധിദിനങ്ങളിലെ സായാഹ്നസമയം മുഴുവൻ ഭാര്യക്കും മക്കൾക്കുമൊപ്പം ചിലവഴിക്കണമെന്നുള്ളത് ജോസിന്റെ വലിയൊരു നിർബന്ധമാണ്. തിരുവനന്തപുരത്തായിരിക്കുമ്പോൾ എന്നും ഫോൺമാർഗം ഭാര്യയോടും മക്കളോടും ബന്ധപ്പെടണമെന്നുള്ളതും അയാളുടെ നിർബന്ധമാണ്. വീട്ടുകാര്യങ്ങളിൽ മക്കളെല്ലാവരും പൂർണ്ണ പിന്തുണ നൽകി ജോസിന്റെ അസാന്നിദ്ധ്യത്തിൽ തനിക്കൊപ്പമുള്ളത് വലിയൊരാശ്വാസവും സന്തോഷവുമാണ് എന്ന് ലീലാമ്മ പറ

യുമ്പോൾ ആ നല്ല കുടുംബിനിയുടെ കണ്ണുകൾ മക്കളെക്കുറിച്ചുള്ള അഭിമാനത്താൽ ഈറനണിയും. മക്കൾക്കും തങ്ങളുടെ അമ്മയെക്കുറിച്ചും പപ്പയെക്കുറിച്ചും വലിയ അഭിമാനമാണ്.

മാനസികാരോഗ്യമുള്ള മക്കൾ കുടുംബത്തിന് അഭിമാനം തന്നെയാണ്. ജീവിതസാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് മനസിനെയും മനോഭാവങ്ങളെയും പരുവപ്പെടുത്താൻ ഇടയായാൽ അവരാരും ജീവിതസാഗരച്ചുഴികളിൽ ആഴ്ന്നുപോവുകയില്ല. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അമ്പരന്നുനില്ക്കുകയോ അവയിൽനിന്നും ഒളിച്ചോടുകയോ ഇല്ല. ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി പൊരുത്തെപ്പെട്ടു പോകാനുള്ള പരിശീലനം മക്കൾക്ക് ലഭിക്കേണ്ടത് അവരുടെ ശൈശവബാല്യകാലങ്ങളിൽതന്നെയാണ്. അതിന് നേതൃത്വവും മാതൃകയും നൽകേണ്ടത് അവരുടെ മാതാപിതാക്കൾതന്നെയാണെന്നതിൽ തെല്ലും സംശയംവേണ്ട. നാം മേൽകണ്ട കുടുംബം ഇക്കാര്യത്തിൽ ഒരു മാതൃക തന്നെയാണ്. ജോസ്-ലീലാമ്മ ദമ്പതികൾ സസൂക്ഷ്മം മക്കളുടെ പരിശീലനത്തിൽ തങ്ങൾക്കുള്ള ദൗത്യം നിർവ്വഹിക്കുന്നതു ശ്രദ്ധിക്കൂ. ഈയൊരു ദൗത്യനിർവ്വഹണത്തിൽ അവരിരുവരും തമ്മിലുള്ള ആശയസംവേദനം വലിയൊരളവുവരെ നിമിത്തമായിട്ടുണ്ടെന്നുവേണം കരുതാൻ.

"അമ്മയ്ക്ക് എന്നോടുള്ള സ്നേഹം എത്രയെന്നു വർണ്ണിക്കാൻ വയ്യാ. അവളുടെ വാക്കുകളും നോട്ടങ്ങളും വഴി അവൾ എന്റെ ഹൃദയത്തെ ദൈവഭക്തിയിലേക്കുയർത്തി. എന്റെ ദൈവമേ, ഞാൻ ഇനി അങ്ങയുടെ ഒരു ശിശുവാണെങ്കിൽ അത് അങ്ങ് എനിക്ക് ഇത്തരം ഒരു അമ്മയെ നൽകിയതുകൊണ്ടുമാത്രമാണ്"

വി. ആഗസ്തീനോസ്



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# അഗ്നിപരീക്ഷണങ്ങളെ അനശ്വരസമ്പത്താക്കിയവൻ

വത്സമ്മ മുളവന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മാർച്ച് 19-ാം തീയതി തിരുസ്സഭാ മാതാവ് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആഘോഷിക്കുകയാണല്ലോ. കന്യകാമറിയം കഴിഞ്ഞാൽ രക്ഷാകരരഹസ്യത്തിലെ മനുഷ്യാവതാരവുമായി ഏറ്റവും അടുത്തു ബന്ധപ്പെട്ട വ്യക്തിയാണ് വി. യൗസേപ്പ്. മാനസികമായി വളരെയധികം സഹനം യൗസേപ്പിതാവിനുണ്ടായിട്ടുണ്ട്. ഒരൊറ്റവാക്കുപോലും ഉരിയാടാതെ, ഒരു മറുചോദ്യംപോലും ഉന്നയിക്കാതെ, സംശയമൊന്നും ചോദിക്കാതെ, ഒരു പരാതിപോലും പറയാതെ ദൈവികപദ്ധതിക്കുമുമ്പിൽ മുട്ടുമടക്കിയ നീതിമാനായിരുന്നു ദൈവപുത്രന്റെ വളർത്തുപിതാവായ യൗസേപ്പിതാവ്. മറിയവുമായി വിവാഹനിശ്ചയം ചെയ്തപ്പോൾ തനിക്കുണ്ടായിരുന്ന പദ്ധതിയും സ്വപ്നങ്ങളുമെല്ലാം പിന്നീട് ദൈവതിരുമനസ്സിനു വിട്ടുകൊടുത്ത ഒരു ജീവിതത്തിനുടമയായിരുന്നു യൗസേപ്പിതാവ്. പരി. മറിയം ദൈവികപദ്ധതിയോട് 'ഇതാ ഞാൻ' എന്നു പറഞ്ഞെങ്കിൽ യൗസേപ്പിതാവ് ദൈവിക പദ്ധതിയോട് നിശബ്ദമായി 'ആമ്മേൻ' പറഞ്ഞ് എല്ലാം സ്വീകരിച്ചു.

നസ്രത്തിലെ മറിയത്തെ തന്റെ മണവാട്ടിയായി സ്വീകരിക്കാനിരിക്കെ അവൾ ഗർഭവതിയാണെന്നറിഞ്ഞപ്പോൾ യൗസേപ്പിതാവ് അസ്വസ്ഥനായി, മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ അവളെ അതീവ രഹസ്യമായി ഉപേക്ഷിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ഇവിടെ വി. യൗസേപ്പിന്റെ സഹനം ആരംഭിക്കുന്നു.

യൗസേപ്പ് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാനിരിക്കെ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണെന്നും അവളെ സ്വീകരിക്കാൻ ശങ്കിക്കേണ്ടയെന്നും അവൾ ഒരു പുത്രനെ പ്രസവിക്കുമെന്നും അവന് ഈശോ യെന്ന് പേരിടണം എന്നും പറഞ്ഞു. വി. യൗസേപ്പ് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെയെല്ലാം ചെയ്തു (മത്താ 1,18-21).

ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കണം എന്ന അഗസ്റ്റസ് സീസറിന്റെ കല്പന നിറവേറ്റാനായി നസ്രത്തിൽ നിന്ന് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് യൗസേപ്പ് ഗർഭിണിയായ മറിയത്തെയും കൊണ്ടുപോയി. അവിടെവെച്ച് മറിയത്തിനു പ്രസവസമയമടുത്തു. ഈശോയ്ക്കു ജനിക്കാൻ സ്ഥലമന്വേഷിച്ചു നടന്നിട്ടും കണ്ടെത്താനാവാതെ ഒടുവിൽ

## നോമ്പുകാലം

ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതുമാത്രമല്ല ഉപവാസം. ആന്തരികവും ബാഹ്യവുമായ ഉപവാസം ആവശ്യമാണ്. ശരീരം ഭക്ഷണമുപേക്ഷിക്കുന്നതുപോലെ ആത്മാവ് അധർമ്മത്തിൽ നിന്നും മാറിനില്ക്കണം. കോപം, അസൂയ, സ്വാർത്ഥത തുടങ്ങിയ അനുചിതചിന്തകളെയും പ്രവർത്തനങ്ങളെയും ദൂരെയെറിഞ്ഞ് അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും വഴിയിലൂടെ ചരിക്കുവാൻ ഈ നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഒരു കാലിത്തൊഴുത്തിലേക്ക് മറിയത്തെയും കൊണ്ടുപോകുന്നു. ആ കാലിത്തൊഴുത്തിൽ ലോകരക്ഷകനായ ദൈവപുത്രൻ ഭൂജാതനായി. ദൈവപുത്രനെ കിടത്താൻ ഒരു തൊട്ടിലില്ല, പുതപ്പിക്കാൻ പുതപ്പില്ല. യൗസേപ്പിതാവിന്റെ മറ്റൊരു സഹനം (ലൂക്കാ 2, 1-7).

മാനുഷികമായി ചിന്തിച്ചാൽ കഠിനമായി തോന്നുന്ന അഗ്നിപരീക്ഷണങ്ങളായ ദൈവകല്പനകളുടെ മുമ്പിൽ മനസ്സുപതറാതെ, പകച്ചുനിൽക്കാതെ ഉടനടി ദൈവകല്പന നിറവേറ്റുന്ന യൗസേപ്പിനെയാണ് നമുക്ക് എപ്പോഴും കാണാൻ സാധിക്കുന്നത്. കർത്താവിന്റെ ദൂതൻ വീണ്ടും സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനോടു പറഞ്ഞു: "എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക" (മത്താ 2,13). ഇവിടെ യൗസേപ്പിന്റെ മാനസികാവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഒരു പിഞ്ചുകുഞ്ഞിനെയും ക്ഷീണിതയായ അമ്മയെയും കൊണ്ടുള്ള ക്ലേശകരമായ യാത്ര. യാതൊരു പരിചയവുമല്ലാത്ത സ്ഥലം. യാതൊരു മുൻകരുതലുമില്ലാതെ പോകേണ്ടിവരിക. അമ്മയെയും കുഞ്ഞിനെയും താമസിപ്പിക്കാൻ സ്ഥലം കണ്ടെത്തണം. അവർക്ക് ആഹാരത്തിനുള്ള വക കണ്ടെത്തണം. ഒരെത്തും പിടിയും കിട്ടാത്ത സാഹസികയാത്ര. ഈ സംഘർഷാവസ്ഥയിലും ഒന്നും ചോദിക്കാതെ വി. യൗസേപ്പ് ദൂതൻ പറഞ്ഞതുപോലെ ആ രാത്രി തന്നെ ഈജിപ്തിലേക്കു പോയി.

ഹേറേദോസിന്റെ മരണത്തിനുശേഷം വീണ്ടും ദൂതൻ ജോസഫിനു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "എഴുന്നേറ്റ് ശിശുവിനെയും അമ്മയെയുംകൂട്ടി ഇസ്രായേൽ ദേശത്തേക്കു മടങ്ങുക" (മത്താ 2,14). വി. യൗസേപ്പ് എതിർപ്പൊന്നും പ്രകടിപ്പിക്കാതെ, നിശ്ശബ്ദനായി ഇസ്രായേൽ ദേശത്തേക്കുപോയി. വീണ്ടും സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് ഗലീലിപ്രദേശത്തേക്കു പോയി അവിടെ നസ്രത്ത് എന്ന പട്ടണത്തിൽ ചെന്നുപാർത്തു.


അന്ധമായ അനുസരണം - അചഞ്ചലമായ വിശ്വാസം - നമുക്കു വി. യൗസേപ്പിൽ ദർശിക്കാം. വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ വിശ്വാസത്തെയും അതിലംഘിക്കുന്ന വിശ്വാസമായിരുന്നു വി. യൗസേപ്പിന്റേത്. അബ്രാഹത്തോടു ദൈവം പറയുന്നതു ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക എന്നാണ് (ഉല്പത്തി 12,1). അബ്രാഹത്തിനു ദൈവം പല അനുഗ്രഹങ്ങളും വാഗ്ദാനം ചെയ്യുന്നുണ്ട് (ഉല്പത്തി 12). എന്നാൽ വി. യൗസേപ്പിന് വാഗ്ദാനങ്ങളൊന്നും നൽകുന്നില്ല.

പരി. അമ്മയെപ്പോലെതന്നെ യൗസേപ്പിതാവും തനിക്കുണ്ടായ അഗ്നിപരീക്ഷണങ്ങളുടെ അർത്ഥം മനസ്സിലാക്കാനാവാതെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുകയായിരുന്നു. ദൈവം മാലാഖായിലൂടെ സ്വപ്നത്തിൽ നിർദ്ദേശിച്ച ദൗത്യമെല്ലാം ഏറ്റവും വിശ്വസ്തതാപൂർവ്വം അനുധാവനം ചെയ്ത വ്യക്തിയായിരുന്നു വി. യൗസേപ്പ്. എല്ലാം ദൈവഹിതമായി കണ്ട് അതിനോട് പൂർണമായി വിധേയപ്പെടുകയും യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ നിഴൽപോലെ മറയുകയും ചെയ്തു. മരണംവരെ വിശ്വസ്തതനായിരുന്നതുകൊണ്ട് ദൈവം അദ്ദേഹത്തെ ജീവന്റെ കിരീടം നൽകി അനുഗ്രഹിച്ചു.

വി. യൗസേപ്പിനെപ്പോലെ വ്യവസ്ഥവയ്ക്കാതെ നമ്മെത്തന്നെ ദൈവഹിതത്തിനു സമർപ്പിക്കുവാൻ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥ്യം യാചിക്കാം. നമ്മുടെ ആവശ്യങ്ങൾക്കും, നല്ല മരണം ലഭിക്കുന്നതിനും യൗസേപ്പിതാവിന്റെ പക്കൽ നമുക്ക് അഭയം തേടാം.







# നാലു കണ്ണും രണ്ടു ഹൃദയവും

സി. കെ. ജോസഫ്
ചേർപ്പുങ്കൽ

ആദിയിൽ രണ്ടു കണ്ണ് പ്രതീക്ഷയോടെ ഒരു ഹൃദയത്തിലേക്ക് നോക്കി. അതാ ലോകത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത നിഷ്കളങ്കമായ ഒരു ഹൃദയം, തനിക്കു വസിക്കുവാൻ പറ്റിയ ഒരു ആലയം. ആ വ്യക്തിയുടെ അടുത്തേയ്ക്ക് ദൈവമായ കർത്താവ് ഒരു ദൂതനെ അയച്ചു. അവളുടെ പേരാണ് പരിശുദ്ധ കന്യാകാമറിയം.

അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുൻപുതന്നെ നമ്മെ ഓരോരുത്തരെയും ദൈവം കണ്ടതാണ്. നമ്മെ ദൈവം കാണുമ്പോൾ നാം ദൈവത്തെ കാണുന്നില്ല. നാം ദൈവത്തെ കാണേണ്ടത് അവിടുത്തെ ഇഷ്ടം നിറവേറ്റിക്കൊണ്ടാണ്. നമ്മുടെ ഹൃദയത്തിലേക്ക് ദൈവംനോക്കുമ്പോൾ നാം ദൈവത്തിലേക്ക് നോക്കാൻ മറന്നു പോകുന്നു. എന്നാൽ പരിശുദ്ധ അമ്മ അതല്ല ചെയ്തത്. ദൈവം അമ്മയുടെ ഹൃദയത്തിലേക്ക് നോക്കിയപ്പോൾ അമ്മ ദൈവത്തിലേക്ക് നോക്കി. ഹൃദയശുദ്ധിയുള്ളവർക്കേ ദൈവത്തെ കാണാൻ കഴിയുകയുള്ളു.

കാലത്തിന്റെ തികവിൽ പരിശുദ്ധ കന്യകാമറിയം തന്റെ പുത്രനെ കാലിത്തൊഴുത്തിൽ പ്രസവിച്ചു. പിള്ളക്കച്ചയിൽ പൊതിഞ്ഞു തന്റെ മടിയിൽ കിടത്തി ആദിയിൽ കണ്ട ആ നാലു കണ്ണും രണ്ടു ഹൃദയവും കൺകുളിർക്കെ കാണുകയും ഹൃദയങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്തു. ഈ

നോട്ടവും പങ്കുവയ്ക്കലും കാൽവരിവരെയും ഈ ഭൂമിയിൽ നമുക്കൊരു മാതൃകയായി നീണ്ടുനിന്നു.

ഈശോ കുരിശുമായി ഗാഗുൽത്താമലയിലേക്ക് പോകുമ്പോൾ വഴിയിൽവച്ച് തന്റെ മാതാവ് എതിരേ വരുന്നു. ആദിയിൽ കണ്ട ആ നാലു കണ്ണും രണ്ടു ഹൃദയവും - നാലു കണ്ണുകൾ തമ്മിൽ ഇടറുന്നു. രണ്ടു ഹൃദയങ്ങൾ തമ്മിൽ വേദനകൾ പങ്കുവയ്ക്കുന്നു. ലോകത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത സഹനങ്ങളും വേദനയും ദുഃഖങ്ങളും ആണ് പരസ്പരം പങ്കുവച്ചത്. അവസാനം തന്റെ മകനെ കുരിശിൽ നിന്നും ഇറക്കി തന്റെ മടിയിൽ കിടത്തിയപ്പോൾ അന്ന് ദൈവാലയത്തിൽ ഉണ്ണിയെ ശിമയോന്റെ കൈകളിൽ കാഴ്ച വച്ചപ്പോൾ ശിമയോൻ പറഞ്ഞ പ്രവചനം പൂർത്തിയായി. നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും. മകന്റെ ഹൃദയം കുന്തത്താൽ കുത്തിപിളർന്നപ്പോൾ അമ്മയുടെ ഹൃദയം വ്യാകുലവാളാൽ പിളർന്നു. അങ്ങനെ അമ്മയും മകനും നമ്മുടെ രക്ഷയ്ക്കുവേണ്ടി വേദനകൾ സഹിച്ചു.


ദൈവത്തിന്റെ ദൃഷ്ടിയിൽ നാം മകനും മകളുമാണ്. ദൈവം നമ്മിലേക്ക് നോക്കുമ്പോൾ നാം ദൈവത്തിലേക്ക് നോക്കണം. അവിടുത്തെ നോക്കിയവർ പ്രകാശിതരായി എന്ന് വചനം പറയുന്നു. നാം ദൈവത്തിന്റെ മക്കളായിരിക്കേ പരസ്പരം നോക്കുവാനും കാണുവാനും മനസ്സിന്റെ ദുഃഖങ്ങളും വേദനകളും പരസ്പരം പങ്കുവയ്ക്കുവാനും കടപ്പെട്ടിരിക്കുന്നു. എങ്കിൽ മാത്രമേ ദൈവമക്കളുടെ പദവിയിലേക്ക് നാം ഉയരുകയുള്ളൂ. ദൈവം സ്നേഹമാണ്. "കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോടു കാണിച്ചത്. ദൈവമക്കളെന്ന് നാം വിളക്കപ്പെടുന്നു, നാം അങ്ങനെയാണുതാനും" (യോഹ 3,1).

പിതാവായ ദൈവം നമ്മോടു കാണിച്ച ആ സ്നേഹം മക്കളായ നാം നമ്മുടെ സഹോദരങ്ങളോടും കാണിക്കാൻ കടപ്പെട്ടിരിക്കുന്നു. സഹജീവികളെ നാം സ്നേഹിക്കുക, അവർക്ക് നന്മ ചെയ്യുക. പരിശുദ്ധ അമ്മയും ഈശോയും പരസ്പരം കണ്ടതുപോലെ നാം നമ്മുടെ സഹോദരങ്ങളെ കാണുകയാണെങ്കിൽ നാം ദൈവത്തെ കണ്ടു എന്നു മനസ്സിലാക്കാം. കണ്ണുണ്ടായിട്ടും നാം കാണുന്നില്ലെങ്കിൽ നമ്മുടെ കണ്ണുകൾക്കൊണ്ട് എന്തു പ്രയോജനം. ചെവിയുണ്ടായിട്ടും നാം മറ്റുള്ളവരെ ശ്രവിക്കുന്നില്ലെങ്കിൽ ചെവികൊണ്ട് എന്തു പ്രയോജനം. നമ്മുടെ ഹൃദയംകൊണ്ട് മറ്റുള്ളവരെ ഉൾക്കൊള്ളുകയും ഗ്രഹിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഹൃദയംകൊണ്ട് എന്തു പ്രയോജനം.

സഹോദരന്റെ അടുത്തേക്ക് അവന്റെ വേദനകളും ദുഃഖങ്ങളും അറിയാൻ കടന്നുചെല്ലണമെങ്കിൽ രണ്ടു കാലുണ്ടായാൽ മാത്രം പോരാ, നല്ല ഒരു മനസ്സുംകൂടി വേണം. രണ്ടു കൈ ഉണ്ടായിട്ടും സഹോദരന് കൊടുക്കുവാൻ മനസ്സില്ലെങ്കിൽ ആ കൈകൾകൊണ്ട് എന്തു പ്രയോജനം. സഹോദരന് നന്മ ചെയ്യുകയും അവനുവേണ്ടി ദൈവസന്നിധിയിലേക്ക് നമ്മുടെ കൈകളെ ഉയർത്തുകയും ചെയ്താൽ നമ്മുടെ കൈകൾ എത്ര ഭാഗ്യമുള്ളവയാണ്. അങ്ങനെ ഉയർത്തിയ കൈകൾകൊണ്ട് അവനെ ഒന്ന് ആലിംഗനം ചെയ്താൽ നാം ഒന്നായി. അപ്പോൾ തന്നെ പിതാവും, പുത്രനും പരിശുദ്ധാത്മാവും നമ്മിൽ വസിക്കും. പിന്നെ നമ്മിലേക്ക് ദൈവസ്നേഹം കവിഞ്ഞൊഴുകും. 2 യോഹന്നാൻ 1-6 ൽ പറയുന്നു, നാം പരസ്പരം സ്നേഹിക്കണം ഇതാണ് സ്നേഹം. നാം അവിടുത്തെ കല്പനകളനുസരിച്ച് നടക്കുക. കല്പനയാകട്ടെ ആരംഭം മുതലേ നിങ്ങൾ ശ്രവിച്ചിരിക്കുന്നതുപോലെ സ്നേഹത്തിൽ വ്യാപരിക്കുക.

ദൈവം മാത്രമാണ് ഒരു മനുഷ്യന്റെ മനസ്സ് അറിയുന്നവൻ. നല്ല മനസ്സുകളെ ദൈവം പരസ്പരം യോജിപ്പിക്കുന്നു. ദൈവകൃപയാൽ അവർ പരസ്പരം കണ്ടുമുട്ടുന്നു. അങ്ങനെ ദൈവം മനുഷ്യരിൽകൂടി പ്രവർത്തിക്കുന്നു. ആദിയിൽ കണ്ട ആ നാലു കണ്ണും രണ്ടു ഹൃദയവും മനുഷ്യരിലും സംഭവിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന കണ്ടുമുട്ടലിൽ ഉളവാകുന്ന ആനന്ദം ഈ ലോകത്തിൽ കിട്ടാവുന്നതിലധികമായിരിക്കും.

**പ്രാർത്ഥിക്കാം,** സ്നേഹം തന്നെയായ ഈശോനാഥാ, സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിച്ച ഈശോമിശിഹായേ, സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഈ ലോകത്തിലുള്ള സകല മനുഷ്യരും രക്ഷ പ്രാപിക്കണം എന്നുള്ളതാണല്ലോ പിതാവിന്റെ ഇഷ്ടം. കർത്താവേ, അവുടത്തെ പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ട് ജീവിക്കുന്നവരാകുവാൻ ഞങ്ങൾക്ക് കൃപ തരേണമേ. ഞങ്ങളുടെ കണ്ണിന്റെ നോട്ടവും ഹൃദയത്തിന്റെ തുടിപ്പും മറ്റുള്ളവരിലേക്ക് സ്നേഹം ഒഴുകി ഇറങ്ങുവാനുള്ള നീർച്ചാലുകളാക്കി മാറ്റണമേ. അങ്ങനെ ഭൂമിയിലുള്ള സകല ജനപഥങ്ങളും അവിടുത്തെ അറിയാൻ ഇടയാകട്ടെ, ആമേൻ.



# ശ്വാസം ലഭിക്കാത്തവർ


ഫിലോ കുറ്റിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'ഒരിക്കൽ ഒരു നദീ തീരത്തു കൂടി നടന്നുപോകുമ്പോൾ ഒരു ചെറു മത്സ്യം കരയ്ക്കുകിടന്നു ശ്വാസം കിട്ടാതെ വിഷമിക്കുന്നതുകണ്ട് ഞാൻ ചോദിച്ചു: "ആരാണു നിന്നെ കരയിൽ എടുത്തിട്ടത്. ഞാൻ നിന്നെ വെള്ളത്തിലിടാം". അതെന്താണ് എന്ന മട്ടിൽ ചെറു മത്സ്യം എന്നെ ഒന്നു നോക്കി. ഞാൻ അല്പം അദ്ഭുതത്തോടെ ചോദിച്ചു: "വെള്ളത്തെക്കുറിച്ച് നിനക്കറിഞ്ഞു കൂടേ? "മത്സ്യം മറുപടി പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ... ഞാൻ നദിയിലാണ് ജീവിക്കുന്നത്. ഞാൻ കണ്ടിട്ടേയില്ല..." എന്തായാലും ചെറുമത്സ്യത്തെ വെള്ളത്തിലേക്കിട്ടിട്ട് ഞാൻ വീണ്ടും നടന്നു. അപ്പോൾ എന്റെ മനസ്സിൽ ചില ചിന്തകൾ ചിറകുവിരിച്ചു. സഭയുടെ വിശ്വാസമാകുന്ന ജലത്തിൽ മുങ്ങിക്കിടക്കുന്ന ഞാനും നിങ്ങളും പലപ്പോഴും ഈ ചെറു മത്സ്യത്തെപ്പോലെ അല്ലേ! മാമ്മോദീസായിലൂടെ വിശ്വാസമാകുന്ന വാതിലിലേക്ക് നാം പ്രവേശിച്ചു. പിന്നീട് പരി. കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും വിശ്വാസത്തിൽ നമ്മെ വളർത്തുന്നു. വിശ്വാസം ആഴത്തിൽ ജീവിച്ച നമ്മുടെ പിതാവായ അബ്രാഹത്തിന്റെ മാതൃക നമ്മുടെ മുമ്പിൽ നിൽക്കുന്നു. വിശ്വാസം ജീവിക്കേണ്ടതെങ്ങനെയെന്ന് തിരുവചനവും സഭാപിതാക്കന്മാരും വിശുദ്ധരും നമുക്കു കാണിച്ചു തരുന്നു. എന്നിട്ടും വിശ്വാസം എന്ത് എന്നു നാം ചോദിച്ചു പോകാറില്ലേ? വിശ്വാസത്തിന്റെ ഉള്ളടക്കം അറിയുവാനും ജീവിക്കുവാനും കഴിയാതെ പോകുന്നില്ലേ? ഈ വിശ്വാസവർഷത്തിലെങ്കിലും ഞാൻ ആയിരിക്കുന്ന സഭയുടെ യഥാർത്ഥവിശ്വാസം തിരിച്ചറിയാനും അതിൽ ഉൾച്ചേർന്നു ജീവിക്കാനും വിശ്വാസത്തിന്റെ ധീരസാക്ഷികളാകാനും നമുക്കു സാധിക്കട്ടെ!



# കുരിശുമരണം വരെ എത്തുന്ന ശൂന്യവല്ക്കരണം

ലീന അറയ്ക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



**ദൈ**വത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല.തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യന്റെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു.മരണം വരെ അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി 2,6-8).ഈശോയിൽ പ്രശോഭിച്ച ശൂന്യവല്ക്കരണത്തിന്റെ മനോഭാവം സ്നേഹത്തിന്റെ രഹസ്യത്തിൽനിന്നും ഉയിർക്കൊള്ളുന്നതാണ്.ദൈവസ്നേഹം, ദൈവത്തിന്റെ നിത്യത, അവിടുത്തെ അനന്തത നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്ന സ്നേഹത്തിന്റെ രഹസ്യം. ഈ സ്നേഹരഹസ്യം നമ്മോടാവശ്യപ്പെടുന്നത്.

**ദൈവത്തോട്-** സൃഷ്ടികർത്താവിനോട് സമ്പൂർണ്ണ ആശ്രയത്വം, അവിടുത്തെ ഹിതത്തോടുള്ള പരിപൂർണ്ണഒട്ടിച്ചേരൽ.

**മറ്റുള്ളവരോട്-** സ്നേഹത്തെപ്രതി സ്വയം ദാനമായി നല്കുക. ആവശ്യമായി വന്നാൽ സഹോദരങ്ങൾക്കുവേണ്ടി ബലിയായിത്തീരുക.

**തന്നോടുത്തന്നെ-** അഹങ്കാരവും ദുർമോഹങ്ങളും ദൂരെ എറിയുക. വ്യക്തിപരമായ ദുഃശാഠ്യങ്ങളും നമ്മുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ശ്രദ്ധയും കുറയ്ക്കുക.

**സാഹചര്യങ്ങളോട്-** കുടുംബപശ്ചാത്തലവും സ്വാഭാവികവും ഭൗതികവുമായ നിയമങ്ങളും എല്ലാം അടിച്ചേല്പ്പിക്കലായി കാണാതെ ശുശ്രൂഷയുടെയും എളിമയുടെയും സ്നേഹത്തിന്റെയും നിർബന്ധമായി കാണുക.

## നോമ്പുകാലം

ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതുമാത്രമല്ല ഉപവാസം. ആന്തരികവും ബാഹ്യവുമായ ഉപവാസം ആവശ്യമാണ്. ശരീരം ഭക്ഷണമുപേക്ഷിക്കുന്നതുപോലെ ആത്മാവ് അധർമ്മത്തിൽനിന്നും മാറിനില്ക്കണം. കോപം, അസൂയ, സ്വാർത്ഥത തുടങ്ങിയ അനുചിതചിന്തകളെയും പ്രവർത്തനങ്ങളെയും ദൂരെയെറിഞ്ഞ് അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും വഴിയിലൂടെ ചരിക്കുവാൻ ഈ നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു. ▸▸



# ദൈവത്തെ കാണാനില്ല... !

ഷിനി മുതുപ്ലാക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"ലിയോ, പ്രാർത്ഥിക്കാൻ സമയമായി. എഴുന്നേറ്റ് തിരി തെളിക്ക് മോനേ..."

"കുറച്ചൂടെ കഴിയട്ടമ്മേ"

"ഇന്നെന്താ പതിവില്ലാത്ത ഒരു മടി"

"ഈശോ ഈശോ ഈശോ എന്ന് എത്ര പ്രാവശ്യം വിളിച്ചു. എന്നിട്ട് വിളി കേട്ടോ? ഈശോയെ കാണാനും പറ്റുന്നില്ല. പിന്നെ ഞാൻ ആരോടാ പ്രാർത്ഥിക്കേണ്ടത്?"

കുഞ്ഞുവായിലെ വലിയ പരാതിക്കു മുമ്പിൽ ഒരു നിമിഷം സ്തബ്ധയായെങ്കിലും ഈശോ എപ്പോഴും കൂടെയുണ്ടെന്നും മാതാപിതാക്കളിലൂടെയും മുതിർന്നവരിലൂടെയും അദ്ധ്യാപകരിലൂടെയുമൊക്കെ നല്ല നല്ല കാര്യങ്ങൾ പറഞ്ഞുതരുന്നത് അവിടുന്നാണ് എന്നൊക്കെയുള്ള അമ്മയുടെ വിശദീകരണത്തിൽ അവൻ തൃപ്തനായി.

ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ചിന്തകൾക്ക് പ്രായവ്യത്യാസമൊന്നുമില്ല. ജീവിതചരിത്രത്തിന്റെ താളുകൾ ഒന്നു മറിച്ചുനോക്കുക... ഇത്തരം സംശയങ്ങളാകുന്ന മൂടൽമേഘങ്ങളുടെ നിഴലിൽ ഒരു നിമിഷമെങ്കിലും ആയിരിക്കാത്തവർ ചുരുക്കമായിരിക്കും.




### ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ

1. മത്താ 4,1-11; എഫേ 4,17-32
2. മത്താ 7,14-23; റോമാ 6,1-14
3. മത്താ 20,17-28; റോമാ 7,14-25
4. മത്താ 21,33-44; റോമാ 8,12-17
5. യോഹ 8,12-20; റോമാ 12,1-11
6. യോഹ 10,11-18; റോമാ 14,13-23
7. മത്താ 21,1-17; റോമാ 11,13-24

മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും അതീതനാണ് ദൈവം. മനുഷ്യന്റെ കാര്യങ്ങളിൽ കരുതലില്ലാതെ കാണാമറയത്തിരിക്കുന്നവനാണ് ദൈവമെന്ന് കരുതുന്നവരും, തങ്ങൾക്ക് മനസ്സിലാക്കാനാവാത്ത ഒരു മഹാശക്തിയുണ്ടെന്ന് അംഗീകരിക്കാത്ത ദാർശനികരും മനുഷ്യന് ദുരിതങ്ങൾ സമ്മാനിക്കുന്ന ദൈവത്തിന് അസ്തിത്വമില്ലെന്ന് അനവസരത്തിൽ ആക്രോശിക്കുന്ന പ്രത്യയശാസ്ത്രക്കാരും മാത്രമല്ല, യഥാർത്ഥ ദൈവവിശ്വാസികളെന്ന് കരുതുന്നവർ പോലും മനസ്സിലാക്കാനാവാത്ത, വേദനിപ്പിക്കുന്ന ജീവിതസാഹചര്യങ്ങളിൽ "ദൈവം എവിടെ" എന്ന് ചോദിച്ചിട്ടുണ്ടാവാം.

നഗ്നനേത്രങ്ങൾക്ക് അപ്രാപ്യനാണെങ്കിലും വിശ്വാസക്കാഴ്ചക്കപ്പുറത്തല്ല നല്ല ദൈവം. കാറ്റ് എന്ന യാഥാർത്ഥ്യത്തെ അതായിരിക്കുന്ന വിധത്തിൽ കാണാനാകുമോ? കാറ്റിന്റെ സാന്നിദ്ധ്യം നാം മനസ്സിലാക്കുന്നത് വൃക്ഷലതാദികളുടെയും മറ്റ് വസ്തുക്കളുടെയുമൊക്കെ ചലനങ്ങളിൽനിന്നല്ലേ... ചൂട്, തണുപ്പ് തുടങ്ങിയ യാഥാർത്ഥ്യങ്ങൾ ഈ ഭൂമിയിൽ നിലനില്ക്കുന്നുണ്ട് എന്ന് നാം മനസ്സിലാക്കുന്നത് കണ്ണുകൾക്കൊണ്ട് ദർശിച്ചുകൊണ്ടാണോ? അനുഭവത്തിലൂടെയല്ലേ അവയുടെ സാന്നിദ്ധ്യം നാം തിരിച്ചറിയുക... ബുദ്ധികൊണ്ടും പഞ്ചേന്ദ്രിയങ്ങൾക്കൊണ്ടും മനസ്സിലാക്കാനാവാത്ത നിരവധി യാഥാർത്ഥ്യങ്ങൾ ഈ ഭൂമിയിൽ നിലനില്ക്കുമ്പോൾതന്നെ സർവ്വശക്തനും അനന്തജ്ഞാനവുമായ ദൈവത്തെ ബുദ്ധിയുക്തിയിന്ദ്രിയങ്ങൾക്കൊണ്ട് മനസ്സിലാക്കിയാലേ വിശ്വസിക്കൂ എന്ന് ശഠിക്കുന്നത് മൗഢ്യമല്ലേ...?

ബൾബുകൾ പ്രകാശിച്ചാലും മറ്റ് വൈദ്യുതോപകരണങ്ങൾ പ്രവർത്തിച്ചാലും, തൊട്ടാൽ മാത്രമേ വൈദ്യുതിയുടെ സാന്നിദ്ധ്യത്തിൽ വിശ്വസിക്കൂ എന്നു പറയുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നവർ തങ്ങളുടെ ജീവൻ അപകടത്തിലാക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ, കണ്ട്, തൊട്ട് അനുഭവിച്ചാൽ മാത്രമേ, ബുദ്ധിക്കും ശരീരത്തിനും മനസ്സിലാക്കാൻ സാധിക്കുന്ന വ്യക്തവും ശക്തവും അത്ഭുതകരവുമായ ഇടപെടലുകൾ ഉണ്ടായാൽമാത്രമേ ദൈവത്തിൽ വിശ്വസിക്കൂ എന്നു പറയുന്നവർ തങ്ങളുടെ ആത്മാവിനെ മരണത്തിന്റെ പടുഗർത്തത്തിലേക്ക് തള്ളിയിടുകയായിരിക്കും ചെയ്യുക. വിശ്വാസനേത്രങ്ങൾക്ക് അന്ധത ബാധിച്ചവരാണവർ.

കാൽവരിയിലെ കുരിശിൽ ഈശോ പിടഞ്ഞുമരിച്ചപ്പോൾ ദൈവപുത്രനെന്ന് അവകാശപ്പെട്ടവന്റെ അന്ത്യംകുറിച്ചു എന്ന് അഹങ്കരിച്ചവർ ഉത്ഥാനപ്രഭയിൽ നിഷ്പ്രഭരായി. ഇന്നലെയും ഇന്നും എന്നും ജീവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയാതെ പോകുന്നതാണ് ജീവിതത്തിൽ സംഭവിക്കുന്ന ഏറ്റം വലിയ ദുരന്തം.


ഒരു പൂവിന്റെ ഗന്ധമനുഭവിക്കുന്നതുപോലെ, ചെറുകാറ്റിന്റെ സ്പർശനമേല്ക്കുന്നതുപോലെ, ചൂടും തണുപ്പുമൊക്കെ അനുഭവിക്കുന്നതുപോലെ, തന്നെ അനുഭവിക്കാൻ നിരവധി അനുഭവങ്ങൾ അനുദിനം നല്ല തമ്പുരാൻ ഒരുക്കുന്നുണ്ട്. ഓരോരുത്തർക്കും അവിടുന്ന് ഒരുക്കുന്ന അനുഭവങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. അവ മനസ്സിലാക്കുവാനും അതിലൂടെ ദൈവസാന്നിദ്ധ്യം തിരിച്ചറിയുവാനുമുള്ള യഥാർത്ഥ വിശ്വാസക്കാഴ്ചക്കുവേണ്ടിയാണ് നാം യാചിക്കേണ്ടത്.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# അമ്മയോടൊപ്പം വിശ്വാസവഴിയേ





ഷീലമ്മ പൂതക്കുഴി
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പരിശുദ്ധാത്മാവേ, സ്നേഹത്തിന്റെ ദിവ്യമായ ജ്വാലയേ, ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് അങ്ങ് കടന്നുവരണമേ. അങ്ങയുടെ സ്നേഹാഗ്നിയാൽ ഞങ്ങളെ കത്തിജ്വലിപ്പിക്കണമേ. അങ്ങനെ സ്വയം പ്രകാശിതരായിത്തീർന്നുകൊണ്ട് അനേകരെ അങ്ങയുടെ പ്രകാശത്തിലേക്ക് നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ലോകത്തിന്റെ അതിർത്തിയോളം അങ്ങേക്ക് സാക്ഷ്യം വഹിക്കുന്ന വിശ്വാസ്യരായ സാക്ഷികളായി ഞങ്ങൾ മാറട്ടെ. ഞങ്ങളെ കാണുന്നവർ, ഞങ്ങളിൽ പിതാവിനെ കാണുവാൻ, ദിവ്യാത്മാവേ, സപ്തവരങ്ങളും ഞങ്ങളിൽ വർഷിക്കണമേ.

## ദുഃഖത്തിന്റെ ദിവ്യരഹസ്യങ്ങൾ

### 1–ാം ദിവ്യരഹസ്യം

പൂങ്കാവനത്തിൽ ചോരവിയർത്ത്
എനിക്കായ് പിടഞ്ഞയെൻനാഥാ
ജീവിത ദുഃഖത്തിന്നേകാന്തവഴികളിൽ
നിന്നോടുചേർന്നുചരിക്കാൻ
പാപവും തെറ്റായ വഴികളും വിട്ടു ഞാൻ
നിന്നിൽ ലയിക്കാൻ തുണയ്ക്കൂ.

### 2–ാം ദിവ്യരഹസ്യം

കൽത്തൂണിൽ ബന്ധിതനായിയെൻ പിഴകൾക്കായ്
പ്രഹരങ്ങളേറ്റയെൻ നാഥാ
ലോകമോഹങ്ങളും ഇന്ദ്രിയസുഖമതും
നിനക്കായി ത്യജിച്ചുകൊണ്ടെന്നും
സമ്മോദചിത്തയായ് സഹനത്തിൻകാസയെ
നെഞ്ചോടുചേർക്കാൻ തുണയ്ക്കൂ.

### 3–ാം ദിവ്യരഹസ്യം

ഘോരമാം വേദനയേറ്റുകൊണ്ടെനിക്കായ്
മുൾമുടിയണിഞ്ഞയെൻ നാഥാ
ഞാൻ ചെയ്ത പാപത്തിനാധിക്യമല്ലേ
നിൻ ശിരസ്സിലെ നിണധാരചൊൽവൂ
ശിഷ്യർ തൻ പാദം കഴുകിയ സ്നേഹമേ
എളിമതൻ വഴിയെന്നെ നയിക്കൂ

### 4–ാം ദിവ്യരഹസ്യം

പാപങ്ങളാൽ ഞാൻ മെനഞ്ഞ കുരിശിനെ
സ്നേഹത്താൽ തോളിൽ വഹിച്ചവനേ
കരുണ ഞാൻ യാചിപ്പൂ ഒളിഞ്ഞും തെളിഞ്ഞും
ചെയ്ത കഠോരമാം പാപങ്ങൾക്കായ്
താങ്ങുന്ന കരമേകും ശിമയോനായ് മാറുവാൻ
എന്നിലെന്നും നിൻകൃപ നിറയ്ക്കൂ

### 5–ാം ദിവ്യരഹസ്യം

സോദരർക്കായ് ജീവൻ നൽകുന്നതിൽപ്പരം-
സ്നേഹമില്ലെന്നരുൾചെയ്ത നാഥാ
ജീവിതം പകുത്തു വിരുന്നെനിക്കേകിയ
മാതൃകപിൻചെന്നു ബലിയാകുവാനും
ക്ഷമയേകി സഹജരെ സ്നേഹിക്കുവാനും
ബലിയായ നാഥാ നീ കൃപയെനിക്കേകൂ

### പ്രാർത്ഥിക്കാം

അനുഗ്രഹത്തിന്റെ നീർച്ചാൽ ഞങ്ങളിലേക്കൊഴുക്കുന്ന ത്രിതൈക ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ഞങ്ങളുടെ മാതാവും മദ്ധ്യസ്ഥയുമായ പരി. അമ്മേ, സഹനത്തിന്റെ ഏകാന്തവഴികളിൽ നിന്റെ തിരുക്കുമാരനോട് ചേർന്നുനിന്നുകൊണ്ട്, ക്ഷമയോടെ അവയെ സ്വീകരിക്കുവാനും അങ്ങനെ മഹത്ത്വത്തിന്റെ കിരീടത്തിനർഹരാകുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ശാന്തശീലനും വിനീതഹൃദയനുമായ നിന്റെ തിരുക്കുമാരനനുയോജ്യമായ ജീവിതം നയിച്ചുകൊണ്ട്, സ്വർഗ്ഗരാജ്യത്തിനർഹരാകുവാൻ അമ്മേ മാതാവേ, ഞങ്ങളെ ഓരോ നിമിഷവും സഹായിച്ച് ശക്തിപ്പെടുത്തണമേ. ഈ യാചനകൾ നിന്റെ പ്രിയ പുത്രനിൽനിന്നും ഞങ്ങൾക്ക് നേടിത്തരണമേ. ആമ്മേൻ.

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



## Spirituality Centre Programme

**February**

| | | |
|---|---|---|
| 09 | - | Social Animators' Meeting |
| 16-17 | - | School of Bible |
| 19-21 | - | Cenacle Meeting |

**March**

| | | |
|---|---|---|
| 09 | - | Social Animators' Meeting |
| 16-17 | - | School of Bible |
| 19-21 | - | Cenacle Meeting |
| 27-31 | - | Holy Week Retreat |



"പരിപാവനമാമുപവാസത്തിൻ
പാതയിലൂടെ നടന്നീടാനും
ഉൾക്കളമഴകിലൊരുക്കീടാനും
അപരനുതുണതൻ കരമേകാനും
സഹജരെ നിത്യം സേവിപ്പാനും
നാഥാ നീ കൃപ തൂകണമെന്നിൽ"
(നോമ്പുകാലം, ഞായർ-റംശ)

For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്